രതീഷ് സി വി, എച്ച്.എസ്.എ .സോഷ്യൽ സയൻസ് , GHSS പെരിക്കല്ലൂർ, വയനാട്

PART B. SS II അധ്യായം 1 ഋതുഭേദങ്ങളും സമയവും (8 മാർക്ക്- അധ്യായം-1/2)

1. പരിക്രമണം :
   ദീർഘവൃത്താകൃതിയിലുള്ള സഞ്ചാര പഥത്തിലൂടെ ഭൂമി സൂര്യനെ വലംവയ്ക്കുന്നതാണ് പരിക്രമണം.
2. അച്ചുതണ്ടിന്റെ സമാന്തരത :
   ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽനിന്ന് അറുപത്തിയാറര ഡിഗ്രിയും(66.5), ലംബതലത്തിൽനിന്ന് ഇരുപത്തിമൂന്നര ഡിഗ്രിയും(23.5) ചരിവുണ്ട്.പരിക്രമണ വേളയിലുടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നു.ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത എന്ന് പറയുന്നത്.
3. ഋതുഭേദങ്ങൾക്ക കാരണമാകുന്ന ഘടകങ്ങൾ :
   a. ഭൂമിയുടെ പരിക്രമണം b. അച്ചുതണ്ടിന്റെ ചരിവ് c. അച്ചുതണ്ടിന്റെ സമാന്തരത d.സൂര്യന്റെ അയനമാറ്റം
4. സൂര്യന്റെ അയനം :
   അച്ചുതണ്ടിന്റെ സമാന്തരത മൂലം ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു.ഉത്തരായന-ദക്ഷിണായന രേഖയ്ക്ക് ഇടയിലാണ് സൂര്യന് ആപേക്ഷികമായ സ്ഥാന മാറ്റമുണ്ടാകുന്നത്.ഇതാണ് സൂര്യന്റെ അയനം.
5. സമരാത്രദിനങ്ങൾ / അഥവാ വിഷുവങ്ങൾ :
   സൂര്യന്റെ ആപേക്ഷികസ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിലാകുന്ന മാർച്ച് 21,സെപ്റ്റംബർ 23 എന്നീ ദിനങ്ങളാണ് സമരാത്രദിനങ്ങൾ.സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിലായിരിക്കുമ്പോൾ ഉത്തര – ദക്ഷിണ അർധഗോളങ്ങളിൽ തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഈ ദിനങ്ങളിൽ രണ്ട് അർധഗോളങ്ങളിലും പകലുകളുടെ ദൈർഘ്യം തുല്യമായിരിക്കും. മാർച്ച് 21 വസന്തവിഷുവവും, സെപ്തംബർ 23 ശരത് വിഷുവവുമാണ്
6. അയനാന്തദിനങ്ങൾ :
   സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ജൂൺ 21 ഗ്രീഷ്മ അയനാന്തദിനം എന്നും, ദക്ഷിണായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ഡിസംബർ 22 ശൈത്യഅയനാന്തദിനം എന്നും അറിയപ്പെടുന്നു. ഗ്രീഷ്മ അയനാന്തദിനം ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയും ആയിരിക്കും.ശൈത്യഅയനാന്തദിനം ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഉത്തരാർധഗോളത്തിൽഏറ്റവും ദൈർഘ്യമുള്ള രാത്രിയും ആയിരിക്കും.

7.പട്ടികകൾ

| മാസം | സൂര്യരശ്മിയുടെ സ്ഥാനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - സെപ്തംബർ 23 | ഉത്തരാർധഗോളം | ഉഷ്ണകാലം/വേനൽകാലം | ശൈത്യകാലം |
| സെപ്തംബർ 23 - മാർച്ച് 21 | ദക്ഷിണാർധഗോളം | ശൈത്യകാലം | ഉഷ്ണകാലം/വേനൽകാലം |

| | |
|---|---|
| വസന്തകാലം | ശൈത്യകാലത്തിൽനിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |
| ഹേമന്തകാലം | വേനൽക്കാല ചൂടിൽനിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - ജൂൺ 21 | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്തംബർ 23 | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 - ഡിസംബർ 22 | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

8. പ്രാദേശികസമയം: ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയമാണ് പ്രാദേശികസമയം
9. ഭ്രമണം : ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം.ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്.

   അതിനാൽ ആദ്യം സൂര്യോദയം അനുഭവപ്പെടുക ഒരു പ്രദേശത്തിന്റെ കിഴക്കുദിക്കിലാകും.

   ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം.ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.
10. പ്രൈം മെറീഡിയൻ : ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം

നിർണ്ണയിക്കപ്പെടുന്നത് എന്നതിനാൽ ഈ രേഖ പ്രൈം മെറീഡിയൻ എന്ന് വിളിക്കപ്പെടുന്നു.

11. ഗ്രീനിച്ച് സമയം : ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

12.സമയമേഖലകൾ : ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർവീതം സമയവ്യത്യാസമുള്ള 24 മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.ഇവയാണ് സമയമേഖലകൾ.ഓരോ സമയമേഖലയും 15 ഡിഗ്രി രേഖാംശവ്യാപ്തിയിലാണ് സ്ഥിതിചെയ്യുന്നത്.15 ഡിഗ്രി തിരിയാൻ ഭൂമിക്ക് 1 മണിക്കൂറും 1 ഡിഗ്രി തിരിയാൻ 4 മിനിറ്റും വേണം.

13.മാനകരേഖാംശവും മാനകസമയവും : ലോകത്തിലെ ഓരോ രാജ്യവും ആ രാജ്യത്തിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി കണക്കാക്കുന്നു.മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം.

14. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം : ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്ന എൺപത്തിരണ്ടര ഡിഗ്രി(82.5) പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം.ഇവിടുത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽനിന്ന് അഞ്ചര മണിക്കൂർ (5.30)മുന്നിലാണ്(കൂടുതലാണ്).

15. അന്താരാഷ്ട്ര ദിനാങ്കരേഖ : 180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ.ഈ രേഖയുടെ കിഴക്കോട്ട് ഒരു ദിവസം കുറവും പടിഞ്ഞാറോട്ട് ഒരു ദിവസം കൂടുതലും ആയിരിക്കും.അതായത് അന്താരാഷ്ട്ര ദിനാങ്കരേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടാകും.

16. പ്രധാന അക്ഷാംശരേഖകൾ :

a. 0 ഡിഗ്രി അക്ഷാംശരേഖ -ഭൂമധ്യരേഖ
b. 23.5 ഡിഗ്രി വടക്ക് - ഉത്തരായന രേഖ
c. 23.5 ഡിഗ്രി തെക്ക് - ദക്ഷിണായനരേഖ

17. പ്രധാന രേഖാംശരേഖകൾ :

a. 0 ഡിഗ്രി രേഖാംശരേഖ -ഗ്രീനിച്ച് രേഖ
b. 180 ഡിഗ്രി രേഖാംശരേഖ - അന്താരാഷ്ട്ര ദിനാങ്കരേഖ

## PART B. SS II അധ്യായം 2. കാറ്റിന്റെ ഉറവിടം തേടി (8 മാർക്ക്- അധ്യായം-1 / 2)

1.അന്തരീക്ഷമർദം : a. അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദം .
b. ഇതളക്കുന്നത് രസബാരോമീറ്റർ കൊണ്ടാണ്.ഹെക്ടോപാസ്കൽ എന്ന ഏകകത്തിലാണ് ഇത് രേഖപ്പെടുത്തുന്നത്.
c. ചതുരശ്ര സെന്റീ മീറ്ററിന് 1034 മില്ലീഗ്രാം തോതിലാണ് അന്തരീക്ഷവായുവിന്റെ ഭാരം.
d.സ്ഫടികക്കുഴലിൽ 76 c m രസനിരപ്പ് ഉയർന്നാൽ അന്തരീക്ഷമർദം 1013.2 മില്ലിബാർ ആണ്.

2.അന്തരീക്ഷമർദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ :

a. പ്രദേശത്തിന്റെ ഉയരം - ഉയരം കൂടുമ്പോൾ അന്തരീക്ഷമർദം കുറയുന്നു.
ഉയരവും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.
b. താപം - താപം കൂടുമ്പോൾ അന്തരീക്ഷമർദം കുറയുന്നു.താപം കുറയുമ്പോൾ അന്തരീക്ഷമർദം കൂടുന്നു.
താപവും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.
c. ആർദ്രത – അന്തരീക്ഷവായുവിലെ ജലാംശത്തിന്റെ അളവാണ് ആർദ്രത.
നീരാവിക്ക് വായുവിനേക്കാൾ ഭാരം കുറവായതിനാൽ ആർദ്രത കൂടുമ്പോൾ മർദം കുറയും.
ആർദ്രതയും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.

3. ഉച്ചമർദം,ന്യൂനമർദം :

a. ഉച്ചമർദം -ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് അന്തരീക്ഷമർദം കൂടുതലാണെങ്കിൽ അവിടെ ഉച്ചമർദമായിരിക്കും.
b.ന്യൂനമർദം -ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് അന്തരീക്ഷമർദം കുറവാണെങ്കിൽ അവിടെ ന്യൂനമർദമായിരിക്കും.

4.സമമർദരേഖകൾ : ഒരേ അന്തരീക്ഷമർദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് സമമർദരേഖകൾ.

5. ആഗോളമർദമേഖലകൾ : ഭൂമിയിൽ ചില അക്ഷാംശങ്ങളിൽ ഒരേ അന്തരീക്ഷമർദം അനുഭവപ്പെടുന്നു.ഇവയെ ഏഴായി തിരിച്ചിരിക്കുന്നു.ഇവയാണ് ആഗോളമർദമേഖലകൾ.

6. ആഗോളമർദമേഖലകൾ :

| | |
|---|---|
| മധ്യരേഖ ന്യൂനമർദമേഖല | 0 ഡിഗ്രി |
| ഉപോഷ്ണ ഉച്ചമർദമേഖല | 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും |
| ഉപധ്രുവീയ ന്യൂനമർദമേഖല | 60 ഡിഗ്രി വടക്കും 60 ഡിഗ്രി തെക്കും |
| ധ്രുവീയ ഉച്ചമർദമേഖല | 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും |

7. ആഗോളമർദമേഖലകളുടെ രൂപീകരണ കാരണം :
a.സാരോർജലഭ്യതയിലെ ഏറ്റക്കുറച്ചിൽ b. ഭൂമിയുടെ ഭ്രമണം
8. കാറ്റ് : ഉച്ചമർദമേഖലയിൽ നിന്നും ന്യൂനമർദമേഖലയിലേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ.
9.കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ :
a. മർദചെരിവുമാനബലം b. കോറിയോലിസ് പ്രഭാവം c. ഘർഷണം
10. മർദചെരിവുമാനബലം : മർദചെരിവ് കൂടുതലാണെങ്കിൽ കാറ്റിന്റെ വേഗത കൂടുതലായിരിക്കും.
മർദചെരിവു കുറവാണെങ്കിൽ കാറ്റിന്റെ വേഗത കുറവായിരിക്കും
11. കോറിയോലിസ് പ്രഭാവം : ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭ്രമണം നിമിത്തം ഉത്തരാർദഗോളത്തിൽ സഞ്ചാരദിശയ്ക്ക് വലത്തോട്ടും ദക്ഷിണാർദഗോളത്തിൽ സഞ്ചാരദിശയ്ക്ക് ഇടത്തോട്ടും വ്യതിചലനമുണ്ടാകുന്നു.ഇതിന് കാരണമാകുന്ന ബലത്തെ കോറിയോലിസ് ബലം എന്ന് വിളിക്കുന്നു.
12. ഘർഷണം : കാറ്റിന്റെ സഞ്ചാരത്തിന് പ്രതികൂലമായ ഘടകങ്ങളാണിത്.
13. ഫെറൽനിയമം : കോറിയോലിസ് ബലത്തെ അടിസ്ഥാനമാക്കി കാറ്റിന്റെ ദിശാവ്യതിചലനത്തെക്കുറിച്ച് അഡ്മിറൽ ഫെറൽ അവതരിപ്പിച്ച നിയമമാണ് ഫെറൽനിയമം.ഇതനുസരിച്ച് കാറ്റിന്റെ സഞ്ചാരദിശ ഉത്തരാർദഗോളത്തിൽ വലത്തോട്ടും ദക്ഷിണാർദഗോളത്തിൽ ഇടത്തോട്ടും ആയിരിക്കും.
14. ആഗോളവാതങ്ങൾ : ആഗോളമർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ ആഗോളവാതങ്ങൾ എന്ന വിളിക്കുന്നു.
വർഷം മുഴുവൻ ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകളാണിവ.
15.ആഗോളവാതങ്ങൾ മൂന്ന് തരം :
a. വാണിജ്യവാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 0 ഡിഗ്രിയിലേക്ക് വീശുന്നു
b. പശ്ചിമവാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു
c. ധ്രുവീയവാതങ്ങൾ - 90 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു
16.കാലികവാതങ്ങൾ:
കാലികമായ മാറ്റങ്ങൾക്കനുസൃതമായി വീശുന്ന കാറ്റുകളാണിവ.മൺസൂൺ കാറ്റുകൾകാലികവാതമാണ്.
17. മൺസൂണിന്റെ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ :
a. സൂര്യന്റെ അയനം b. കോറിയോലിസ് പ്രഭാവം c. താപനത്തിലെ വ്യത്യാസങ്ങൾ
18. കരക്കാറ്റും കടൽക്കാറ്റും :
കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുകയും തണുക്കുകയും ചെയ്യുന്നതാണ് ഈ കാറ്റുകൾക്ക് കാരണം
19. കരക്കാറ്റ് - രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് തണുക്കുന്നതിനാൽ കരയിൽ ഉച്ചമർദവും കടലിൽ ന്യൂനമർദവും ആയിരിക്കും.അപ്പോൾ കരയിൽനിന്ന് കടലിലേക്ക് വീശുന്ന കാറ്റാണ് കരക്കാറ്റ്.
20. കടൽക്കാറ്റ് - പകൽ കര പെട്ടെന്ന് ചൂടാകുന്നതിനാൽ കരയിൽ ന്യൂനമർദവും കടലിൽ ഉച്ചമർദവുമായിരിക്കും.
അപ്പോൾ താരതമ്യേന തണുത്തവായു കടലിനു മുകളിൽനിന്ന് തീരത്തേയ്ക്ക് വീശുന്നു.ഇതാണ് കടൽക്കാററ്.
21. താഴ്വരകാറ്റ് - പകൽസമയത്ത് താഴ്വാരത്തെ വായു ചൂടുപിടിച്ച് ഉയർന്ന് പർവ്വതച്ചെരിവിലൂടെ വീശുന്നു.
ഇതാണ് താഴ്വരകാറ്റ് .
22. പർവ്വതകാറ്റ് - രാത്രികാലങ്ങളിൽ പർവതപ്രദേശത്തെ തണുപ്പുമൂലം വായു തണുത്ത് താഴ്വാരത്തേയ്ക്ക് വീശുന്നു.
ഇതാണ് പർവ്വതകാറ്റ് .
23. പ്രാദേശികവാതങ്ങൾ :
മറ്റ് കാറ്റുകളെ അപേക്ഷിച്ച് താരതമ്യേന ചെറിയപ്രദേശത്തുമാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണിവ.

| പ്രധാന പ്രാദേശികവാതങ്ങൾ | വീശുന്ന പ്രദേശം |
|---|---|
| ചിനൂക്ക് | വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്നു |
| ഫൊൻ | യൂറോപ്പിലെ ആൽപ്സ് പർവതനിരയുടെ തെക്കൻ താഴ്വാരത്ത് വീശുന്നു |
| ഹർമാറ്റൻ | ആഫ്രിക്കയിലെ സഹാറാ മരുഭൂമിയിൽനിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്നു |
| ലൂ | ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണകാറ്റാണിത് |
| മാംഗോഷവേഴ്സ് | ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതമാണിത് |

## PART A. SS II അധ്യായം 3. മാനവവിഭവശേഷി വികസനം ഇന്ത്യയിൽ (4 മാർക്ക്)

1. മാനവവിഭവശേഷി വികസനം :
വിദ്യാഭ്യാസം,ആരോഗ്യപരിപാലനം ,പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതാണ് മാനവവിഭവശേഷി വികസനം
2. മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ :
a. വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവ് വികസിപ്പിക്കുന്നു
b. കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കുന്നു
c. വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു
d. രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു

3. മാനവവിഭവത്തിന്റെ ഗണപരവും ഗുണപരവുമായ സവിശേഷതകൾ :
   a. ഗണപരമായ സവിശേഷതകൾ - ജനസംഖ്യാ വലുപ്പം ,ജനസാന്ദ്രത ,ജനസംഖ്യാ വളർച്ച ,ജനസംഖ്യാഘടന , പ്രായഘടന ,സ്ത്രീ -പുരുഷ അനുപാതം ,തൊഴിൽ പങ്കാളിത്ത നിരക്ക് ,ആശ്രയത്വനിരക്ക്,ജനനനിരക്ക്
   b. ഗുണപരമായ സവിശേഷതകൾ - വിദ്യാഭ്യാസം - സാക്ഷരതാ നിരക്ക് ,ആരോഗ്യപരിപാലനം - ആയുർദൈർഘ്യം
4. ജനസംഖ്യാ വലുപ്പം :
   ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ രാജ്യത്തെ ജനസംഖ്യാ വലുപ്പം.ജനസംഖ്യയെക്കുറിച്ച് വിശകലനം ചെയ്യുന്ന സാമൂഹ്യശാസ്ത്രശാഖയാണ് ജനസംഖ്യാശാസ്ത്രം.
5. ജനസംഖ്യകണക്കെടുപ്പ് / സെൻസസ് :
   ഓരോ രാജ്യവും നിശ്ചിത ഇടവേളകളിൽ രാജ്യത്തെ ജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും വിശകലന വിധേയമാക്കുകയും ചെയ്യുന്ന പ്രവർത്തനം
6. പോപ്പുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷ്ണറുടെ ഓഫീസാണ് ഇന്ത്യയിൽ സെൻസസ് നടത്തുന്നത്.പത്തു വർഷം കൂടുമ്പോഴാണിത്.
7. ജനസംഖ്യാപഠനത്തിന്റെ ആവശ്യകത എന്ത് :
   a. ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാനും സർക്കാരിന് സാധിക്കുന്നു
   b. രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയുക,
   c. സാമൂഹിക -സാമ്പത്തിക വികസനനയങ്ങൾ രൂപീകരിക്കുക
   d. ജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എത്രയെന്നറിയുക
8. ജനസാന്ദ്രത :
   ഒരു ചതുരശ്രകിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണമാണ് ജനസാന്ദ്രത.
9. ജനസംഖ്യാ വളർച്ച :
   ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന വർധനവാണിത്.
   ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർധിച്ചു എന്നതാണ് ജനസംഖ്യാ വളർച്ച നിരക്ക്
10. ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ :

| | | |
|---|---|---|
| ജനനനിരക്ക് / മരണനിരക്ക് | ജനനനിരക്ക് വർധിക്കുന്നു<br>മരണനിരക്ക് കുറയുന്നു | ജനസംഖ്യ വർധിക്കുന്നു |
| | ജനനനിരക്ക് കുറയുന്നു<br>മരണനിരക്ക് വർധിക്കുന്നു | ജനസംഖ്യ കുറയുന്നു |
| | ജനനനിരക്കും മരണനിരക്കും തുല്യം | ജനസംഖ്യയിൽ മാറ്റമില്ല |
| കുടിയേറ്റം | ഒരു പ്രദേശത്ത് ജനസംഖ്യ വർധിക്കുന്നു,മറ്റൊരു പ്രദേശത്ത് ജനസംഖ്യ കുറയുന്നു | |

11. ജനനനിരക്ക് :
   ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത്ര കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനനനിരക്ക്
12. മരണനിരക്ക് :
   ആകെ ജനസംഖ്യയിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്
13. കുടിയേറ്റം :
   ഒരു പ്രദേശത്തുനിന്ന് ജനങ്ങൾ മറ്റൊരു പ്രദേശത്തേക്ക് താമസം മാറ്റുന്നതാണ് കുടിയേറ്റം.
14. ജനസംഖ്യാഘടന /പ്രായഘടന :
   ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതാണ് പ്രായഘടന.
15. ഇന്ത്യയിലെ പ്രായഘടനാ ഗ്രൂപ്പുകൾ :
   a. 0 – 14 വയസ്സുവരെ b. 15 – 59 വയസ്സുവരെ c. 60 വയസ്സിനു മുകളിൽ
16. തൊഴിൽ പങ്കാളിത്ത നിരക്ക് :
   15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്
17. ആശ്രയത്വനിരക്ക് :
   0 മുതൽ 14 വയസ്സുവരെയുള്ളവരും 60 വയസ്സുകഴിഞ്ഞവരും ആശ്രയത്വവിഭാഗത്തിൽപ്പെടുന്നു.ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വനിരക്ക് എന്ന് പറയുന്നു
18. സ്ത്രീ -പുരുഷ അനുപാതം : 1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ -പുരുഷ അനുപാതം
   (2011 ൽ 940/1000)
19. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ :
   a. സാമ്പത്തിക അന്തരം കുറയ്ക്കാം b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
   c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം
20. വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്ന വിധം : (ഫ്ലോചാർട്ട് )
   വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു - സാങ്കേതിക അറിവ് ലഭിക്കുന്നു - മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു - ജീവിത നിലവാരം ഉയരുന്നു

21. സാക്ഷരതാ നിരക്ക് :
ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക്.
22. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ :

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | a. 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം<br>b. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം |
| സർവശിക്ഷാ അഭിയാൻ (SSA) | a. സാർവത്രിക പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക<br>b. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | a. സെക്കന്ററി വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുക<br>b. വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക |
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | a. ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക<br>b. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക |
| നാഷ്ണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | a. യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക<br>b. തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക |
| വിദ്യാഭ്യാസ അവകാശ നിയമം -2009 | a. എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക |

23. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ :
a. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരു വിഭാഗം വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്
b. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവുണ്ട്
c. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്
24. ആരോഗ്യം :
ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് ലോകാരോഗ്യസംഘടന (WHO) നിർവചിക്കുന്നു.
25. ആരോഗ്യമുള്ളവ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു :
a. പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
b. തൊഴിൽദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത കൂടുന്നതുകൊണ്ടും ഉല്പാദനം കൂടും
c. ഉല്പാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
d. ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും
26. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ :
a. പോഷകാഹാരലഭ്യത b. ശുദ്ധജലലഭ്യത c. ശുചിത്വപരിപാലനം
d. ചികിത്സാസൗകര്യങ്ങൾ e. രോഗപ്രതിരോധ സംവിധാനങ്ങൾ
27. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ :
a. മെഡിക്കൽ കോളേജുകൾ b. ജില്ലാ ആശുപത്രികൾ c. സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
d. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ e. ആരോഗ്യ ഉപകേന്ദ്രങ്ങൾ
28. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ :

| | |
|---|---|
| ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (NRHM) | ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു |
| ദേശീയ നഗരാരോഗ്യമിഷൻ (NUHM) | 50000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു. |

## PART B SS II അധ്യായം - നാല് :ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ (4 മാർക്ക്)

1. ധരാതലീയ ഭൂപടങ്ങൾ :
പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വിശദമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ഇത്.
2. ഇന്ത്യയിൽ ധരാതലീയ ഭൂപടനിർമ്മാണ ചുമതല – സർവേ ഓഫ് ഇന്ത്യക്കാണ്
3. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ :
a. ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്
b. സൈനിക പ്രവർത്തനങ്ങൾക്കും,സൈനികഭൂപടങ്ങളുടെ നിർമ്മാണത്തിനും
c. നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക്
d. വിഭവസംരക്ഷണത്തിനും വിഭവാസൂത്രണത്തിനും
4. ധരാതലീയ ഭൂപടങ്ങളുടെ നമ്പർ :

a. ഒരേ വലുപ്പത്തിലും ആകൃതിയിലുമുള്ള അനേകം ഷീറ്റുകളിലായി ഓരോ പ്രദേശത്തിന്റെയും ധരാതലീയ ഭൂപടം തയ്യാറാക്കുന്നു
b. 4 ഡിഗ്രി അക്ഷാംശ – രേഖാംശ വ്യാപ്തിയുള്ള ഷീറ്റുകളാണ് മില്യൺ ഷീറ്റുകൾ.ഇവയുടെ തോത് 1:1000000(1: 10 ലക്ഷം)ആണ്.
c. മില്യൺ ഷീറ്റിനെ 1 ഡിഗ്രി അക്ഷാംശ – രേഖാംശ വ്യാപ്തിയുള്ള ഷീറ്റുകളായി തിരിച്ചിരിക്കുന്നു. ഇതാണ് ഡിഗ്രി ഷീറ്റുകൾ.ഇതിന്റെ തോത് 1:250000 ആണ്.
d. ഡിഗ്രി ഷീറ്റുകളെ 15 മിനിറ്റ് അക്ഷാംശ – രേഖാംശ വ്യാപ്തിയുള്ള 16 ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇതിന്റെ തോത് 1:50000 ആണ്.

5. ധരാതലീയ ഭൂപടങ്ങളിൽ ആഗോളതലത്തിൽ അംഗീകരിച്ച നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നു.

| ഭൂസവിശേഷതകൾ | നിറങ്ങൾ |
|---|---|
| അക്ഷാംശ – രേഖാംശ,വരണ്ട ജലാശയം, റെയിൽപ്പാത,ടെലിഫോൺ ലൈൻ,അതിർത്തിരേഖ | കറുപ്പ് |
| ജലാശയങ്ങൾ | നീല |
| വനം,പുൽമേട്,മരങ്ങൾ,ഫലവൃക്ഷതോട്ടങ്ങൾ | പച്ച |
| കൃഷിസ്ഥലം | മഞ്ഞ |
| തരിശുഭൂമി | വെള്ള |
| പാർപ്പിടം,റോഡ്,ഗ്രിഡ് ലൈനുകൾ | ചുമപ്പ് |
| കോണ്ടൂർ രേഖ,മണൽക്കുന,മണൽക്കുന്ന് | തവിട്ട് |

6. ഗ്രിഡ് റഫറൻസ് :
   a. ധരാതലീയ ഭൂപടങ്ങളിലെ ഭൂസവിശേഷതകളുടെ കൃത്യമായ സ്ഥാനനിർണ്ണയം നടത്തുന്ന രീതി.
   b. ഗ്രിഡ് റഫറൻസിനായി ധരാതലീയ ഭൂപടങ്ങളിൽ വരച്ചിരിക്കുന്ന ചുവന്ന രേഖകളാണ് ഈസ്റ്റിങ്ങ്സ്, നോർത്തിങ്ങ്സ് എന്നിവ.
   c. ഗ്രിഡ് റഫറൻസിനായി ആദ്യം ഈസ്റ്റിങ്ങ്സ് നമ്പറും പിന്നീട് നോർത്തിങ്ങ്സ് നമ്പറും രേഖപ്പെടുത്തണം.
7. ഈസ്റ്റിങ്ങ്സ് :
   1. ധരാതലീയ ഭൂപടങ്ങളിൽ വടക്ക് - തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.
   2. ഇവയുടെ മൂല്യം കിഴക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു
   3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് ഇടത്തുവശത്തുള്ള ഈസ്റ്റിങ്ങ്സിന്റെ മൂല്യമാണ് പരിഗണിക്കുക.
8. നോർത്തിങ്ങ്സ് :
   1. ധരാതലീയ ഭൂപടങ്ങളിൽ കിഴക്ക് - പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകളാണ് ഇത്.
   2. ഇവയുടെ മൂല്യം വടക്കുദിശയിലേക്ക് പോകും തോറും കൂടിവരുന്നു
   3. ഭൂപടത്തിലെ സവിശേഷതയുടെ തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്ങ്സിന്റെ മൂല്യമാണ് പരിഗണിക്കുക.
9. റഫറൻസ് ഗ്രിഡ് :
   ഈസ്റ്റിങ്ങ്സ് -നോർത്തിങ്ങ്സ് രേഖകൾ ചേർന്നുണ്ടാകുന്ന ജാലികകളെ റഫറൻസ് ഗ്രിഡ് എന്ന് പറയുന്നു.
10. കോണ്ടൂർ രേഖകൾ :
   a. സമുദ്രനിരപ്പിൽനിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് കോണ്ടൂർ രേഖകൾ.
   b. ഓരോ കോണ്ടൂർ രേഖയോടൊപ്പവും സമുദ്രനിരപ്പിൽനിന്നുള്ള അതിന്റെ ഉയരം രേഖപ്പെടുത്തും.ഇത് കോണ്ടൂർ മൂല്യങ്ങൾ എന്നറിയപ്പെടുന്നു.
   c. അടുത്തടുത്തുള്ള രണ്ട് കോണ്ടൂർ രേഖകളുടെ മൂല്യവ്യത്യാസത്തെ കോണ്ടൂർ ഇടവേള എന്ന് പറയുന്നു.
   d. അടുത്തടുത്ത് വരുന്ന കോണ്ടൂർ രേഖകൾ ഭൂപ്രദേശത്തിന്റെ കുത്തനെയുള്ള ചരിവിനേയും,അകന്നകന്നു കാണുന്ന രേഖകൾ ഭൂപ്രദേശത്തിന്റെ ചെറിയ ചരിവിനേയും സൂചിപ്പിക്കുന്നു.
11. കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ :
   a. ഭൂപ്രദേശത്തിന്റെ ഉയരം b. ചരിവിന്റെ അളവ് c. ഭൂരൂപത്തിന്റെ ആകൃതി
12. നേർക്കാഴ്ച :
   1. ധരാതലീയ ഭൂപടത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അവ തമ്മിൽ നേർക്കാഴ്ചയിലാണെന്ന് പറയാം
   2. വൈദ്യുതി പോസ്റ്റുകൾ , മൊബൈൽ ടവറുകൾ , വയർലെസ് ട്രാൻസ്മിഷൻ ടവറുകൾ തുടങ്ങിയവ സ്ഥാപിക്കാൻ നേർക്കാഴ്ചാ സാധ്യത ഉപയോഗിക്കുന്നു.
13. ധരാതലീയ ഭൂപട വിശകലനം മൂന്ന് തരത്തിൽ നടത്താം :
   1. പ്രാഥമിക വിവരങ്ങൾ - ധരാതലീയ ഭൂപടത്തിലെ മാർജിനു പുറത്ത് നൽകിയിരിക്കുന്ന പൊതുവിവരങ്ങൾ.
   2. ഭൗതിക സവിശേഷതകൾ - ഭൂപടത്തിലെ ജലാശയങ്ങൾ ,വിവിധ ഭൂരൂപങ്ങൾ ,മുതലായവ. ഉദാ. നദി ,അരുവി.
   3. സാംസ്കാരിക സവിശേഷതകൾ - ഭൂപടത്തിലെ മനുഷ്യനിർമ്മിതമായ സവിശേഷതകൾ.ഉദാ.റോഡ്,വീട്...

രതീഷ് സി വി, എച്ച്.എസ്.എ .സോഷ്യൽ സയൻസ് , GHSS പെരിക്കല്ലൂർ, വയനാട്

## PART B SS II ആധ്യായം - 5 പൊതുചെലവും പൊതുവരുമാനവും (8 മാർക്ക്)

| 1. പൊതുചെലവ് | 2. പൊതുവരുമാനം |
|---|---|
| സർക്കാരിന്റെ ചെലവാണ് പൊതുചെലവ് | സർക്കാരിന്റെ വരുമാനമാണ് പൊതുവരുമാനം |
| ജനക്ഷേമ പ്രവർത്തനങ്ങൾ പൊതുചെലവ് വർദ്ദിപ്പിക്കുന്നു | പൊതുവരുമാനത്തിന്റെ രണ്ട് ഭാഗമാണ് നികുതി വരുമാനവും,നികുതിയിതര വരുമാനവും |
| പൊതുചെലവിനെ വികസന ചെലവുകൾ വികസനേതര ചെലവുകൾ എന്ന് തരം തിരിക്കാം | നികുതി വരുമാനമാണ് പൊതുവരുമാനത്തിൽ കൂടുതൽ |

3. പൊതുചെലവിനെ രണ്ടായി തരം തിരിക്കാം - :

| | |
|---|---|
| വികസനച്ചെലവുകൾ | റോഡ്,പാലം,തുറമുഖം,പുതിയ സംരംഭങ്ങളും സ്കൂളുകളും തുടങ്ങുക മുതലായ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവാണ് വികസനച്ചെലവുകൾ |
| വികസനേതര ചെലവുകൾ | യുദ്ധം,പലിശ,പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകളാണ് വികസനേതര ചെലവുകൾ |

4. ഇന്ത്യയിൽ പൊതുചെലവ് / പൊതുകടം വർദ്ദിക്കുന്നതിന്റെ കാരണങ്ങൾ :
   a. പ്രതിരോധചെലവിന്റെ വർദ്ദനവ് b. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ c. നഗരവൽക്കരണം
   d. വികസന പ്രവർത്തനങ്ങൾ e. ജനസംഖ്യാവർദ്ദനവ്

5. നികുതി : a. ക്ഷേമ പ്രവർത്തനങ്ങൾ ,വികസന പ്രവർത്തനങ്ങൾ എന്നിങ്ങനെ പൊതുതാൽപ്പര്യത്തിനുവേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി.
   b. നികുതി നൽകുന്ന വ്യക്തിയാണ് നികുതിദായകൻ
   c. നികുതിയെ പ്രത്യക്ഷനികുതി പരോക്ഷനികുതി എന്ന് തരം തിരിക്കാം

| 6. പ്രത്യക്ഷനികുതി | 7. പരോക്ഷനികുതി |
|---|---|
| നികുതി ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടയ്ക്കുന്നു | നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും |
| നികുതിഭാരം നികുതിദായകൻ അറിയുന്നു | നികുതിദായകർ നികുതിഭാരം അറിയുന്നില്ല |
| നികുതി പിരിവിന് ചെലവ് താരതമ്യേന കൂടുതലാണ് | നികുതി പിരിവിന് ചെലവ് താരതമ്യേന കുറവാണ് |

| 8. പ്രത്യക്ഷനികുതികൾ | 9. പരോക്ഷനികുതികൾ |
|---|---|
| 1.വ്യക്തിഗത ആദായ നികുതി - വ്യക്തി വരുമാനത്തിൽ ചുമത്തുന്നത് | 1.മൂല്യവർദ്ധിത നികുതി - ഉല്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലെ മൂല്യത്തിൻമേൽ ചുമത്തുന്നത് |
| | 2. എക് സൈസ് ഡ്യൂട്ടി -സാധനങ്ങളുടെ ഉല്പാദന ഘട്ടത്തിൽ ചുമത്തുന്നത് |
| 2.കോർപറേറ്റ് നികുതി - കമ്പനികളുടെ ലാഭത്തിൻമേൽ ചുമത്തുന്നത് | 3.കസ്റ്റംസ് തീരുവ – സാധനങ്ങളുടെ കയറ്റുമതിയിലും ഇറക്കുമതിയിലും ചുമത്തുന്നത് |
| | 4.സേവന നികുതി - സേവനങ്ങൾക്കുമേൽ ചുമത്തുന്നത് |

10. സർചാർജ് - : a. നികുതിക്കുമേൽ ചുമത്തുന്ന അധികനികുതിയാണ് സർചാർജ് ,
    b. ഒരു നിശ്ചിത കാലത്തേയ്ക്കാണ് സാധാരണ സർചാർജ് ചുമത്തുന്നത്.

11. സെസ്സ് - : a. സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധികനികുതിയാണ് സെസ്സ്.
    b. ആവശ്യത്തിന് പണം ലഭിച്ചുകഴിഞ്ഞാൽ സെസ്സ് നിർത്തലാക്കും.

12. പൊതുകടം 2 തരം - ആഭ്യന്തരകടം , വിദേശകടം :
    a. ആഭ്യന്തരകടം - രാജ്യത്തിനകത്തുള്ള വ്യക്തികൾ ,സ്ഥാപനങ്ങളിൽ നിന്ന് സർക്കാർ വാങ്ങുന്ന വായ്പകൾ.
    b.വിദേശകടം - വിദേശ ഗവൺമെന്റുകൾ ,അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വാങ്ങുന്ന വായ്പകൾ.

13.

| പൊതുവരുമാനം | പൊതുചെലവ് | പൊതുകടം | പൊതുധനകാര്യം | ധനനയം |
|---|---|---|---|---|
| സർക്കാരിന്റെ വരുമാനമാണ് പൊതുവരുമാനം | സർക്കാരിന്റെ ചെലവാണ് പൊതുചെലവ് | സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം | പൊതുവരുമാനം, പൊതുചെലവ്,പൊതുകടം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന സാമ്പത്തികശാസ്ത്ര ശാഖയാണിത് | പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണിത് |

14. ബജറ്റ് - a. ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ്.
    b. ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തികവർഷം.
    c. ബജറ്റുകൾ മൂന്ന് തരമുണ്ട്.
        1. സംതുലിത ബജറ്റ് - വരുമാനവും ചെലവും തുല്യമായി വരുന്നത് ( വരുമാനം = ചെലവ് )

2. മിച്ച ബജറ്റ് - വരുമാനം ചെലവിനേക്കാൾ കൂടുതലുള്ളത് ( വരുമാനം > ചെലവ് )
3. കമ്മി ബജറ്റ് - ചെലവ് വരവിനേക്കാൾ കൂടുതലുള്ളത്. ( വരുമാനം < ചെലവ് )

15. വിവിധ സർക്കാരുകൾ വാങ്ങുന്ന നികുതികൾ

| കേന്ദ്രസർക്കാർ | സംസ്ഥാന സർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| കോർപ്പറേറ്റ് നികുതി | മൂല്യവർദ്ധിത നികുതി | വസ്തു നികുതി |
| വ്യക്തിഗത ആദായ നികുതി | സ്റ്റാമ്പ് ഡ്യൂട്ടി, ഭൂനികുതി | തൊഴിൽ നികുതി |
| യൂണിയൻ എക് സൈസ് ഡ്യൂട്ടി | സംസ്ഥാന എക് സൈസ് ഡ്യൂട്ടി | വിനോദ നികുതി |

16. നികുതിയിതര വരുമാന സ്രോതസ്സുകൾ

| | | |
|---|---|---|
| 1 | ഫീസ് | സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നത് , ഉദാ.ലൈസൻസ് ഫീസ്,രജിസ്ട്രേഷൻ ഫീസ് |
| 2 | ഫൈനുകളും പെനാൽറ്റികളും | നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷ,ഉദാ. ഹെൽമറ്റ് ധരിക്കാത്തതിന് |
| 3 | ഗ്രാന്റ് | ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം , ഉദാ.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തദ്ദേശ സർക്കാരുകൾക്ക് നൽകുന്നു |
| 4 | പലിശ | സർക്കാർ വിവിധ സംരംഭങ്ങൾക്കും,ഏജൻസികൾക്കും,രാജ്യങ്ങൾക്കും നൽകിയ വായ്പകൾക്ക് ലഭിക്കുന്നത് |
| 5 | ലാഭം | സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം.ഉദാ.റെയിൽവേ.. |

17. ധനനയത്തിന്റെ ലക്ഷ്യങ്ങൾ :
A. സാമ്പത്തിക സ്ഥിരത കൈവരിക്കുക B. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
C. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക D.പൊതുകടം കുറയ്ക്കുക E. പൊതുചെലവുകൾ ഉല്പാദനപരമാക്കുക.

## PART B SS II അധ്യായം 6 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും (4 മാർക്ക്)

1. വിദൂരസംവേദനം :
ഒരു വസ്തുവിനേയോ, പ്രദേശത്തെയോ,പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന പ്രതിഭാസമാണിത്.
2. സംവേദകം ( സെൻസർ ) :
വിദൂരസംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണം. ക്യാമറയും സ്കാനറും സംവേദകങ്ങളാണ്.
3. ഊർജ്ജ ഉറവിടപ്രകാരമുള്ള വിദൂരസംവേദനം :
a. പരോക്ഷ വിദൂരസംവേദനം - സൗരോർജ്ജസഹായത്തോടെ നടത്തുന്നത്
b. പ്രത്യക്ഷ വിദൂരസംവേദനം - കൃത്രിമമായ പ്രകാശത്തിന്റെ ഊർജ്ജത്തിന്റെ സഹായത്തോടെ നടത്തുന്നത്
4. പ്ലാറ്റ് ഫോം :
വിവരശേഖരണത്തിനുള്ള കാമറയോ, സ്കാനറോ സ്ഥാപിച്ചിരിക്കുന്ന പ്രതലമാണ് പ്ലാറ്റ് ഫോം.ബലൂൺ ,വിമാനം, ഉപഗ്രഹം എന്നിവയിലെല്ലാം സെൻസർ സ്ഥാപിക്കാം.
5. പ്ലാറ്റ് ഫോം അടിസ്ഥാനമാക്കിയുള്ള വിദൂരസംവേദനം മൂന്ന് തരം

| | വിദൂരസംവേദനം | പ്രത്യേകത | സംവേദകം |
|---|---|---|---|
| 1 | ഭൂതലഛായാഗ്രഹണം | ഭൂതലത്തിൽനിന്നോ അതിലെ ഉയർന്ന തലത്തിൽ നിന്നോ ഭൗമോപരിതല ചിത്രങ്ങളെടുക്കുന്നത് | കാമറ |
| 2 | ആകാശീയ വിദൂരസംവേദനം | ബലൂൺ ,വിമാനം എന്നിവയിൽ ഉറപ്പിച്ച കാമറയുടെ സഹായത്തോടെ ആകാശത്തുനിന്ന് ഭൂതല ചിത്രങ്ങൾ പകർത്തുന്നത് | കാമറ |
| 3 | ഉപഗ്രഹ വിദൂരസംവേദനം | കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സ്കാനറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ | സ്കാനർ |

6. ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്പ് :
ഓരോ ആകാശീയ ചിത്രത്തിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ 60 ശതമാനത്തോളം ആവർത്തിച്ചുവരുന്നത്.
7. സ്റ്റീരിയോ പെയർ : - ഓവർലാപ്പോടുകൂടിയ ഒരു ജോടി ആകാശീയ ചിത്രങ്ങൾ .
8. സ്റ്റീരിയോസ്കോപ്പ് :
ഓവർലാപ്പോടുകൂടിയ ചിത്രങ്ങളെ ത്രിമാനരൂപത്തിൽ കാണാൻ സഹായിക്കുന്ന ഉപകരണം.പ്രദേശത്തെ ഒന്നാകെ കാണാനും, ഭൗമോപരിതലത്തിലെ ഉയർച്ച താഴ്ചകൾ വേർതിരിച്ചറിയാനും ഇതിലൂടെ സാധിക്കും.
9. ആകാശീയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ :
a. വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.
b. വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.
c. വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും ഉറപ്പുള്ള സ്ഥലം ആവശ്യമാണ്.

d. ഇന്ധനം നിറയ്ക്കാൻ വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

| | 10. ഭൂസ്ഥിര ഉപഗ്രഹങ്ങൾ | | 11. സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നവ | 1 | ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലംവയ്ക്കുന്നവ |
| 2 | സഞ്ചാരപഥം ഭൂമിയിൽ നിന്ന് 36000 കി.മീ. ഉയരത്തിൽ | 2 | സഞ്ചാരപഥം ഭൂമിയിൽ നിന്ന് 1000 കി.മീ.ഉയരത്തിൽ |
| 3 | ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു | 3 | ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി |
| 4 | ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നതിനാൽ എല്ലായ്പ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു | 4 | ഒരു പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണത്തിന് സാധിക്കുന്നു. |
| 5 | ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു | 5 | പ്രകൃതി വിഭവം,ഭൂവിനിയോഗം,ഭൂഗർഭജലം മുതലായവയുടെ വിവരശേഖരണത്തിന് ഉപയോഗിക്കുന്നു. |
| 6 | വാർത്താവിനിമയത്തിനും ദിനാന്തരീക്ഷ സ്ഥിതിയിലെ വ്യത്യാസം മനസ്സിലാക്കാനും ഉപയോഗിക്കുന്നു | | |

12. സ്പെക്ട്രൽ സിഗ്നേച്ചർ :
ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് ആ വസ്തുവിന്റെ സ്പെക്ട്രൽ സിഗ്നേച്ചർ.
13. സ്പേഷ്യൽ റെസല്യൂഷൻ :
ഒരു സെൻസറിന് തിരിച്ചറിയാൻ കഴിയുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് ആ സെൻസറിന്റെ സ്പേഷ്യൽ റെസല്യൂഷൻ.
14. വിദൂരസംവേദന സാങ്കേതിക വിദ്യകൊണ്ടുള്ള ഉപയോഗങ്ങൾ :
1. കാലാവസ്ഥാ നിർണ്ണയത്തിന് 2. സമുദ്രപരിവേക്ഷണത്തിന് 3. ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്
4. എണ്ണ പരിവേക്ഷണത്തിന് 5. ഭൂഗർഭജലസാധ്യതാ പ്രദേശങ്ങൾ കണ്ടെത്താൻ
6. വരൾച്ച,വെള്ളപ്പൊക്കം,കാട്ടുതീ എന്നിവ കണ്ടെത്താനും നിയന്ത്രണ നടപടികൾ സ്വീകരിക്കാനും
7. വിളകളുടെ വിസ്തൃതി,കീടബാധ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണത്തിന്.
15. ഭൂവിവരവ്യവസ്ഥ :
സ്ഥാനീയ വിവരങ്ങളെയും അവയുടെ വിശേഷണങ്ങളെയും ശേഖരിക്കുന്നതിനും,വീണ്ടെടുക്കുന്നതിനും,വിശകലനം ചെയ്യുന്നതിനും,ഭൂപടങ്ങൾ,പട്ടികകൾ,ഗ്രാഫുകൾ എന്നിങ്ങനെ പ്രദർശിപ്പിക്കുന്നതിനുമുള്ള ഒരു കമ്പ്യൂട്ടറധിഷ്ഠിത വിവരസഞ്ചയ വ്യവസ്ഥയാണ് ഭൂവിവരവ്യവസ്ഥ.
16. സ്ഥാനീയ വിവരങ്ങൾ :
ഭൂതലത്തെ സംബന്ധിക്കുന്നതും പ്രത്യേക സ്ഥാനം ഉൾക്കൊള്ളുന്നതുമായ സവിശേഷതകളാണ് സ്ഥാനീയ വിവരങ്ങൾ .
17. വിശേഷണങ്ങൾ - സ്ഥാനീയ വിവരങ്ങളുടെ പ്രത്യേകതകളാണ് വിശേഷണങ്ങൾ.
18. പാളികൾ :
ഭൂവിവരവ്യവസ്ഥാ സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ സ്ഥാനീയ വിവരങ്ങളെ വിവിധ പാളികളാക്കി മാറ്റുന്നു.അവയിലൂടെ സവിശേഷതകളുടെ സ്ഥാനീയബന്ധം എളുപ്പം മനസ്സിലാക്കുന്നതിന് സാധിക്കുന്നു.
19. ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ :
a. ശൃംഖലാ വിശകലനം b. ആവൃത്തി വിശകലനം c. ഓവർലേ വിശകലനം
20. ശൃംഖലാ വിശകലനം :
റോഡ്,റെയിൽവേ,നദികൾ തുടങ്ങിയ ഭൂപടത്തിലെ രേഖീയസവിശേഷതകളെയാണ് ശൃംഖലാ വിശകലനത്തിന് വിധേയമാക്കുന്നത്.ഏറ്റവും കുറഞ്ഞ യാത്രാമാർഗ്ഗം,തിരക്കുകുറഞ്ഞ പാത,ടോൾ ഇല്ലാത്ത പാത തുടങ്ങിയവ ഇതിലൂടെ കണ്ടെത്താം
21. ആവൃത്തി വിശകലനം :
ഒരു ബിന്ദുവിന് ചുറ്റുമായോ,രേഖീയ സവിശേഷതകൾക്ക് നിശ്ചിത ദൂരത്തിലോ നടത്താവുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനുപയോഗിക്കുന്ന സങ്കേതമാണ് ആവൃത്തി വിശകലനം.റോഡ് വികസനം,വിമാനത്താവള നിർമ്മാണം തുടങ്ങിയവയ്ക്കെല്ലാം ആവൃത്തി വിശകലനം ഉപയോഗിക്കാം.
22. ഓവർലേ വിശകലനം :
ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടെ പരസ്പരബന്ധത്തെക്കുറിച്ചും,കാലാനുസൃതമായി അവയിലുണ്ടായ മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഓവർലേ വിശകലനം ഉപയോഗിക്കുന്നു.വിളകളുടെ വിസ്തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ,ഭൂവിനിയോഗമാറ്റങ്ങൾ എന്നിവയൊക്കെ മനസ്സിലാക്കാൻ ഇത് ഉപയോഗിക്കാം.
23. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ :
a. പല ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്
b. വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന് c. വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും
d. ഭൂതലസവിശേഷതകളെ സ്ഥാനീയമായി പ്രദർശിപ്പിക്കുന്നതിന്
e. ഭൂപടങ്ങൾ,പട്ടികകൾ,ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്
24. ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം - GPS :
a. ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ-രേഖാംശ സ്ഥാനം, ഉയരം, സമയം എന്നിവ മനസ്സിലാക്കാൻ

സഹായിക്കുന്ന സംവിധാനമാണ് GPS.

b. ഭൗമോപരിതലത്തിൽനിന്ന് 20000 മുതൽ 20200 കി.മീ. വരെ ഉയരത്തിൽ 6 വ്യത്യസ്ത ഭ്രമണപഥങ്ങളിലായി 24 ഉപഗ്രഹങ്ങളുടെ ഒരു ശ്രേണിയാണ് സ്ഥാന നിർണ്ണയം നടത്തുന്നത്.

c. ചുരുങ്ങിയത് 4 ഉപഗ്രഹങ്ങളിൽ നിന്നുള്ള സിഗ്നൽ ലഭിച്ചാൽ മാത്രമേ GPS ന് അക്ഷാംശം,രേഖാംശം,ഉയരം, സമയം തുടങ്ങിയ വിവരങ്ങൾ പ്രദർശിപ്പിക്കാൻ സാധിക്കു.

25. GPS ന്റെ സാധ്യതകൾ :
1. റോഡ് ഗതാഗതം - വാഹനത്തിന്റെ സ്ഥാനം,സഞ്ചാരദിശ എന്നിവ കണ്ടെത്താൻ
2. വ്യോമ ഗതാഗതം 3. സമുദ്രഗതാഗതം
4. സുരക്ഷ -ഉന്നത വ്യക്തികളുടെ സഞ്ചാരം,വിലപിടിപ്പുള്ള വസ്തുക്കളുടെ കൈമാറ്റം എന്നിവയ്ക്ക് ഉപയോഗിക്കുന്നു.

26. വിവിധ രാജ്യങ്ങളുടെ ഉപഗ്രഹാധിഷ്ഠിത ഗതിനിർണ്ണയ സംവിധാനങ്ങൾ :

| | |
|---|---|
| അമേരിക്ക | ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം - GPS |
| ഇന്ത്യ | ഇന്ത്യൻ റീജ്യനൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം ( IRNSS ) |
| റഷ്യ | ഗ്ലോനാസ് |
| യൂറോപ്യൻ സ്പേസ് ഏജൻസി | ഗലീലിയോ |

## PART A SS II അധ്യായം 7 വൈവിധ്യങ്ങളുടെ ഇന്ത്യ ( മാർക്ക് - 7)

1. ഇന്ത്യയുടെ സ്ഥാനം :
   അക്ഷാംശം - 8 ഡിഗ്രി 4 മിനിറ്റ് വടക്കുമുതൽ 37 ഡിഗ്രി 6 മിനിറ്റ് വടക്കുവരെ
   രേഖാംശം - 68 ഡിഗ്രി 7 മിനിറ്റ് കിഴക്കുമുതൽ 97 ഡിഗ്രി 25 മിനിറ്റ് കിഴക്കുവരെ
2. ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ : a. ഉത്തരപർവ്വതമേഖല, b. ഉത്തരമഹാസമതലം, c. ഉപദ്വീപീയ പീഠഭൂമി
   d.തീരസമതലങ്ങൾ e. ദ്വീപുകൾ

### A . ഉത്തരപർവ്വതമേഖല

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| a. ട്രാൻസ് ഹിമാലയം-കാരക്കോറം,ലഡാക്ക്,സസ്കർ | ഇന്ത്യയിലെ ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ് വിൻ ഓസ്റ്റിൻ ഇവിടെയാണ്.ശരാശരി ഉയരം 6000 മീറ്ററാണ് |
| b. ഹിമാലയം - ഹിമാദ്രി,ഹിമാചൽ,സിവാലിക് | ഈ പർവ്വതനിരകൾക്ക് ഏകദേശം 2400 K.M നീളമുണ്ട്.ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നു.ഏകദേശം 5 ലക്ഷം ച.കി.മീ. വിസ്തൃതിയുള്ള പ്രദേശം |
| c. കിഴക്കൻ മലനിരകൾ - പത്കായിബും, നാഗാകുന്നുകൾ,ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ, മിസോ കുന്നുകൾ | സമുദ്രനിരപ്പിൽനിന്ന് 500-3000 മീ.ഉയരം.പൂർവാചൽ എന്നും അറിയപ്പെടുന്നു. ഇവിടം നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകളാണ് ലോകത്ത് ഏറ്റവും മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്. |

| മണ്ണിനങ്ങൾ / തൊഴിലുകൾ | ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം |
|---|---|
| പർവതമണ്ണ് -ഫലപുഷ്ടി കൂടിയത്, ഇരുണ്ട തവിട്ടുനിറമോ കറുത്തനിറമോ ആണ്. തൊഴിലുകൾ-മൃഗപരിപാലനം -ചെമ്മരിയാട് വളർത്തൽ , കൃഷി -ഉരുളക്കിഴങ്ങ്,ബാർലി, കുങ്കുമപ്പൂവ്,ആപ്പിൾ, ഓറഞ്ച്,തേയില | പുരാതനകാലം മുതൽ ഇന്ത്യയെ വടക്കുപടിഞ്ഞാറൻ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുന്നു മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിലുടനീളം മഴ പെയ്യിക്കുന്നു ശൈത്യകാലത്തു വീശുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേക്കു കടക്കാതെ ചെറുക്കുന്നു നദികളുടെ ഉത്ഭവപ്രദേശം വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി |

### B. ഉത്തരമഹാസമതലം

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| a. പഞ്ചാബ് -ഹരിയാന സമതലം | 7 ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു |
| b. രാജസ്ഥാനിലെ മരുസ്ഥലി-ബാഗർ സമതലങ്ങൾ | ഹിമാലയൻ നദികളുടെ അനേകം വർഷത്തെ നിക്ഷേപണത്തിലൂടെ രൂപം കൊണ്ടു |
| c. ഗംഗാസമതലം | ലോകത്തിലെ ഏറ്റവും വലിയ എക്കൽ സമതലമാണിത് |
| d. ആസാമിലെ ബ്രഹ്മപുത്ര സമതലം | സിന്ധു-ഗംഗ-ബ്രഹ്മപുത്ര സമതലം എന്നും അറിയപ്പെടുന്നു ഇന്ത്യയിലെ ഏക മരുഭൂമി ഥാർ രാജസ്ഥാനിലാണ് ഇന്ത്യയിലെ ഏറ്റവും ചൂട് കൂടിയ പ്രദേശമായ ജയ്സാൽമീർ ഈ മരുഭൂമിയിലാണ് |

| മണ്ണിനങ്ങൾ / തൊഴിലുകൾ | ഉത്തരമഹാസമതലത്തിന്റെ പ്രാധാന്യം |
|---|---|
| എക്കൽമണ്ണ് -നല്ല ഫലപുഷ്ടിയുള്ളത്,മരുഭൂമിമണ്ണ് - ഈർപ്പം തീരെ കുറവ്, ലവണാംശമുള്ള മണ്ണ് | ഫലപുഷ്ടിയുള്ള എക്കൽമണ്ണിൽ ധാരാളം വിളകൾ കൃഷി ചെയ്യുന്നു.അതിനാൽ ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്നു. |

| | |
|---|---|
| ജലസേചനത്തെ ആശ്രയിച്ച് കൃഷി ചെയ്യുന്ന ഗോതമ്പ്,ചോളം,നെല്ല്,കരിമ്പ്,പരുത്തി...ഇടങ്ങിയവ കൃഷി ചെയ്യുന്ന | ലോകത്തിലെ ഏറ്റവും ജനനിബിഡമായ പ്രദേശങ്ങളിലൊന്നാണിത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ റെയിൽ ,റോഡ് ,കനാൽ ശൃംഖല ഇവിടെയാണ് കാണപ്പെടുന്നത് |

## C. ഉപദ്വീപീയ പീഠഭൂമി

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| ആരവല്ലി പർവതനിര,മാൾവാ പീഠഭൂമി,വിന്ധ്യാനിരകൾ സത്പുര നിരകൾ, കച്ച്,കത്തിയവാർ ഉപദ്വീപ് പശ്ചിമഘട്ടം,ഡക്കാൻ പീഠഭൂമി,പൂർവഘട്ടം ഛോട്ടാനാഗ്പൂർ പീഠഭൂമി | ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗം<br>ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗം<br>ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായത്. 15 ലക്ഷം ച.കി.മീ.വിസ്തൃതിയുണ്ട്<br>ഇവിടുത്തെ ഏറ്റവും ഉയരമേറിയ കൊടുമുടിയാണ് ആനമുടി (2695 മീ.)-കേരളം |

| മണ്ണിനങ്ങൾ / തൊഴിലുകൾ | ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം |
|---|---|
| കുറുത്തമണ്ണ് -പരുത്തികൃഷിക്ക് അനുയോജ്യം.ബസാൾട്ട് എന്ന ആഗ്നേയശിലയിൽ നിന്ന് ഉണ്ടായത്.കുറുത്തപരുത്തിമണ്ണ് എന്നും അറിയപ്പെടുന്നു | ഇന്ത്യയിലെ ഏറ്റവും വലിയഭൂവിഭാഗം പർവ്വതങ്ങൾ,പീഠഭൂമികൾ,താഴ്വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതി.ധാരാളം ധാതു നിക്ഷേപം കാണപ്പെടുന്നതിനാൽ ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്നു.അനേകം നദികളുടെ ഉത്ഭവപ്രദേശമാണ്. |
| ചെമ്മണ്ണ് - താരതമ്യേന ഫലപുഷ്ടി കുറവ്.ഇരുമ്പിന്റെ അംശം ഇതിന് ചുവപ്പുനിറം നൽകുന്നു. | |
| ലാറ്ററൈറ്റ് മണ്ണ് - മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശത്ത് കാണുന്നു | |
| കൃഷി,ഖനനം,ധാതുഅധിഷ്ഠിത വ്യവസായങ്ങൾ എന്നിവയാണ് പ്രധാന തൊഴിലുകൾ.പരുത്തി, പയർ,കരിമ്പ്...ഇടങ്ങിയവയാണ് പ്രധാന വിളകൾ.ഇരുമ്പയിര്,കൽക്കരി,മാംഗനീസ് ....പ്രധാന ധാതുക്കൾ | |

## D. തീരസമതലങ്ങൾ

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ | മണ്ണിനങ്ങൾ / തൊഴിലുകൾ |
|---|---|---|
| a. പടിഞ്ഞാറൻ തീരസമതലം<br>b. കിഴക്കൻ തീരസമതലം | ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ ഗംഗാ-ബ്രഹ്മപുത്ര ഡൽറ്റാപ്രദേശം വരെ നീണ്ടു കിടക്കുന്നു. ഏകദേശം 6100 കി.മീ.നീളം | എക്കൽമണ്ണ്,കൃഷി പ്രധാന തൊഴിൽ,മത്സ്യബന്ധനം,ഉപ്പ് നിർമ്മാണം,വിനോദസഞ്ചാരം ഉണ്ട്.<br>കൃഷി നെല്ല് ,തെങ്ങ് ഇടങ്ങിയവ |

## E. ദ്വീപുകൾ

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ | മണ്ണിനങ്ങൾ / തൊഴിലുകൾ |
|---|---|---|
| a. ലക്ഷദ്വീപ് -അറബിക്കടലിൽ സ്ഥിതിചെയ്യുന്ന 36 ദ്വീപുകളിൽ 11 ൽ മാത്രമേ ജനതാമസമുള്ളൂ | ലക്ഷദ്വീപിന്റെ തലസ്ഥാനം കവരത്തിയാണ്, ലഗൂണുകളും,മണൽതീരങ്ങളും,പവിഴപ്പുറ്റുകളുമാണ് പ്രത്യേകത. | മത്സ്യബന്ധനം ,വിനോദസഞ്ചാരം എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.കൃഷി നാമമാത്രമായേ ഉള്ളൂ. |
| b. ആൻഡമാൻ & നിക്കോബാർ ദ്വീപസമൂഹം ബംഗാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്നു. 219 ദ്വീപുകൾ ,ജനവാസം തീരെ കുറവ്,കൂടുതലും നിബിഡവനങ്ങൾ | ഇന്ത്യയിലെ ഏക അഗ്നിപർവതം ഇതിലെ ബാരൻദ്വീപിലാണ്. പോർട്ട് ബ്ലെയറാണ് തലസ്ഥാനം.നിക്കോബാറിന്റെ തെക്കേ അറ്റമായ ഇന്ദിരാപോയിന്റാണ് ഇന്ത്യയുടെ തെക്കേയറ്റം. | |

## 3. ഹിമാലയ പർവതനിരകൾ - ഹിമാദ്രി, ഹിമാചൽ, സിവാലിക്

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര.<br>ശരാശരി ഉയരം 6000 മീ.<br>ഗംഗ,യമുന,എന്നീ നദികളുടെ ഉത്ഭവസ്ഥാനം, 8000 മീ.മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.(കാഞ്ചൻ ജംഗ,നന്ദാദേവി) | ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു.ശരാശരി ഉയരം 3000 മീ.<br>ഷിംല,ഡാർജിലിങ് ഇടങ്ങിയ സുഖവാസകേന്ദ്രങ്ങൾ തെക്കേ ചെരിവിൽ സ്ഥിതി ചെയ്യുന്നു. | ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ശരാശരി ഉയരം 1220 മീ.ഹിമാലയൻ നദികൾ ഈ പർവ്വതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും ഇടർച്ച നഷ്ടപ്പെടുന്നു.നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു.(ഡെറാഡൂൺ) |

## 4. ഹിമാലയൻ നദികൾ :

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | ഏകദേശം 2280 കി.മീ(ഇന്ത്യയിലൂടെ 709 കി.മീ.) | ചല,ചിനാബ് ,രവ,ബിയാസ്,സത്ലജ് | കാശ്മീർ,ഹിമാചൽ,പഞ്ചാബ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | ഏകദേശം 2500 കി.മീ. | യമുന,സോൺ, കോസി,ഗാണ്ഡക് | ഉത്തരാഞ്ചൽ,ഉത്തർപ്രദേശ്, ബീഹാർ,പ.ബംഗാൾ | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്-ഡുങ് ഹിമാനി | ഏകദേശം 2900 കി.മീ.(ഇന്ത്യയിലെ നീളം 725 കി.മീ.) | തിസ്ത,മാനസ്,ലൂഹിത് ,സുവാൻസിരി | അരുണാചൽപ്രദേശ് ,ആസ്സാം,സിക്കിം,പ.ബംഗാൾ | ബംഗാൾ ഉൾക്കടൽ |

5.ഉപദ്വീപീയ നദികൾ

| നദി | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന കടൽ |
|---|---|---|---|---|---|
| മഹാനദി | മൈക്കലാനിരകൾ(മധ്യപ്രദേശ്) | 857 കി.മീ. | ഇബ്,ടെൽ | ഒറീസ,മധ്യപ്രദേശ് ,ഛത്തീസ്ഗഡ് | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ നാസിക് ജില്ല) | 1465 കി.മീ. | ഇന്ദ്രാവതി ,ശബരി | ആന്ധ്രാപ്രദേശ് ,ഒറീസ,മഹാരാഷ്ട്ര | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകൾ) | 1400 കി.മീ. | ഭീമ,തുംഗഭദ്ര | ആന്ധ്രാപ്രദേശ് ,കർണ്ണാടകം,മഹാരാഷ്ട്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ(കർണ്ണാടകം) | 800 കി.മീ. | കബനി ,അമരാവതി | തമിഴ്നാട്,കർണ്ണാടകം | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കലാനിരകൾ (ഛത്തീസ്ഗഡ്) | 1312 കി.മീ. | ഹിരൺ,ബൻജൻ | ഗുജറാത്ത് ,മഹാരാഷ്ട്ര,മധ്യപ്രദേശ് | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി(മധ്യപ്രദേശിലെ ബൈതുൽ ജില്ല) | 724 കി.മീ. | ആനർ,ഗിർന | ഗുജറാത്ത് ,മഹാരാഷ്ട്ര,മധ്യപ്രദേശ് | അറബിക്കടൽ |

6. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അതിശക്തമായ അപരദന തീവ്രത | അപരദന തീവ്രത താരതമ്യേന കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

7. തീരസമതലങ്ങളുടെ സവിശേഷതകൾ :

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ ,റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കുറവ്<br>c. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ , സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കൂടുതൽ<br>c. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. ഡെൽറ്റാ രൂപീകരണം നടക്കുന്നു |

8.ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ :

a. അക്ഷാംശീയ സ്ഥാനം b. ഭൂപ്രകൃതി c. സമുദ്രസാമീപ്യം d. സമുദ്രനിരപ്പിൽനിന്നുള്ള ഉയരം

9. ഇന്ത്യയിലെ ഋതുക്കൾ :

| ഋതു | കാലഘട്ടം |
|---|---|
| ശൈത്യകാലം | ഡിസംബർ - ഫെബ്രുവരി |
| ഉഷ്ണകാലം | മാർച്ച് - മെയ് |
| തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലം | ജൂൺ - സെപ്തംബർ |
| വടക്ക് -കിഴക്കൻ മൺസൂൺ കാലം | ഒക്ടോബർ - നവംബർ |

10. പശ്ചിമ അസ്വസ്ഥത

ശൈത്യകാലത്ത് മെഡിറ്ററേനിയൻ കടലിൽ രൂപം കൊള്ളുന്ന ശക്തമായ ന്യൂനമർദം ക്രമേണ കിഴക്കോട്ടു നീങ്ങി ഇന്ത്യയിലെത്തുന്നു. ഇത് ഉത്തര സമതലപ്രദേശങ്ങളിൽ ,പ്രത്യേകിച്ച് പഞ്ചാബിൽ ശൈത്യകാല മഴ ലഭിക്കുന്നതിന് കാരണമാകുന്നു.ഈ മഴ ശൈത്യകാല വിളകൾക്ക് ഏറെ പ്രയോജനകരമാണ്. ട്രോപ്പോപ്പാസിലൂടെയുള്ള അതിശക്തമായ വായുപ്രവാഹമായ ജറ്റ് പ്രവാഹങ്ങളാണ് പശ്ചിമ അസ്വസ്ഥതയെ ഇന്ത്യയിലെത്തിക്കുന്നത്.

11. ഇന്ത്യയിൽ ഉഷ്ണകാലത്ത് വീശുന്ന പ്രാദേശിക വാതങ്ങളാണ് - ലൂ , മാംഗോഷവേഴ്സ് എന്നിവ.

12. തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ രണ്ട് ശാഖകൾ - അറബിക്കടൽ ശാഖ , ബംഗാൾ ഉൾക്കടൽശാഖ.
തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാറ്റ് ഇന്ത്യയുടെ പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ കനത്തമഴയ്ക്ക് കാരണമാകുന്നു.ഈ കാറ്റ് രാജസ്ഥാനിലെത്തുമ്പോൾ ആരവല്ലി പർവതനിരകൾക്ക് സമാന്തരമായി കടന്നുപോകുന്നതിനാൽ രാജസ്ഥാനിൽ വിരളമായേ മഴ ലഭിക്കുന്നുള്ളൂ.

13. ഒക്ടോബർ ചൂട് :
വടക്ക-കിഴക്കൻ മൺസൂൺ കാറ്റുകൾ വീശുന്ന ഒക്ടോബർ - നവംബർ മാസങ്ങളിൽ ഇന്ത്യയൊട്ടാകെ അനുഭവപ്പെടുന്ന ഉയർന്ന ഊഷ്മാവും ആർദ്രതയും പകൽസമയങ്ങളെ ദുസ്സഹമാക്കുന്നു.ഈ പ്രതിഭാസം ഒക്ടോബർ ചൂട് എന്ന പേരിലറിയപ്പെടുന്നു.

14. ഇന്ത്യയിൽ മഴയുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥയ്ക്ക് കാരണങ്ങളെന്തെല്ലാം ?
a. ഭൂപ്രകൃതി b. സമുദ്രസാമീപ്യം c. സമുദ്രത്തിൽനിന്നുള്ള അകലം d. പർവതനിരകളുടെ സ്ഥാനം e. ഭൂഭാഗത്തിന്റെ വിസ്തൃതി

രതീഷ് സി വി, എച്ച്.എസ്.എ .സോഷ്യൽ സയൻസ് , GHSS പെരിക്കല്ലൂർ, വയനാട്

## PART A SS II അധ്യായം 8 ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം ( മാർക്ക് - 5 )

1. വ്യത്യസ്തങ്ങളായ കാർഷികവിളകൾ ഇന്ത്യയിൽ കൃഷിചെയ്യുന്നതിന് സഹായകമായ ഭൂമിശാസ്ത്രഘടകങ്ങൾ എന്തെല്ലാം ?
   a. ഭൂപ്രകൃതി വൈവിധ്യം b. വൈവിധ്യമാർന്ന ഫലപുഷ്ടിയുള്ള മണ്ണിനങ്ങൾ c. അനുയോജ്യമായ കാലാവസ്ഥ
2. ഇന്ത്യയിലെ കാർഷിക കാലങ്ങൾ :

| കാർഷിക കാലങ്ങൾ | വിളയിറക്കൽ കാലം | വിളവെടുപ്പ് കാലം | പ്രധാന വിളകൾ |
|---|---|---|---|
| ഖാരിഫ് | ജൂൺ (മൺസൂണിന്റെ ആരംഭം) | നവംബർ ആദ്യവാരം (മൺസൂണിന്റെ അവസാനം) | നെല്ല,ചോള,പരുത്ത,തിനവിളകൾ ,ചണം,കരിമ്പ്, നിലക്കടല |
| റാബി | നവംബർ മധ്യം (ശൈത്യകാലാരംഭം) | മാർച്ച്(വേനലിന്റെ ആരംഭം) | ഗോതമ്പ്,പുകയില,കടുക്,പയർവർഗ്ഗങ്ങൾ |
| സൈദ് | മാർച്ച് (വേനലിന്റെ ആരംഭം) | ജൂൺ (മൺസൂണിന്റെ ആരംഭം) | പഴവർഗങ്ങൾ,പച്ചക്കറികൾ |

3. ഇന്ത്യയിലെ കാർഷിക വിളകൾ : A. ഭക്ഷ്യവിളകൾ :

| വിള | മഴ / വർഷപാതം | ഊഷ്മാവ് /താപനില | മണ്ണ് | പ്രത്യേകതകൾ |
|---|---|---|---|---|
| നെല്ല് | 150 cm ൽ കൂടുതൽ | 24 ഡിഗ്രി സെൽഷ്യസിന് മുകളിൽ | എക്കൽമണ്ണ് | ഇന്ത്യയിലെ മുഖ്യ ഭക്ഷ്യവിള,ഒരു ഖാരിഫ് വിള, നദീതടങ്ങൾ,തീരസമതലങ്ങൾ,സിവാലിക് പർവതചെരിവിലും നെൽകൃഷി ചെയ്യുന്നു .W.B,UP,AP |
| ഗോതമ്പ് | 75 cm | 10 ഡിഗ്രി -26 ഡിഗ്രി സെൽഷ്യസ് | നീർവാർച്ചയുള്ള എക്കൽമണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ രണ്ടാം സ്ഥാനം.ഒരു റാബി വിളയാണ്.(ശൈത്യകാല വിള),UP,പഞ്ചാബ്,ഹരിയാന |
| ചോളം | 75 cm | ------ | നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ മൂന്നാം സ്ഥാനം. ഉഷ്ണകാലത്തും,ശൈത്യകാലത്തും കൃഷി ചെയ്യാം. MP,KA,RAJ,UP |

### B. നാണ്യവിളകൾ

| വിഭാഗം | വിള | മഴ | ഊഷ്മാവ് /താപനില | മണ്ണ് | പ്രത്യേകതകൾ / പ്രദേശം |
|---|---|---|---|---|---|
| നാരു വിളകൾ | പരുത്തി | ചെറിയ തോതിൽ | 20 ഡിഗ്രി c -30 ഡിഗ്രി c | കറുത്തമണ്ണ് എക്കൽമണ്ണ് | യൂണിവേഴ്സൽ ഫൈബർ എന്നറിയപ്പെടുന്നു.ലോകത്ത് നാലാം സ്ഥാനം,ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിതവ്യവസായം പരുത്തിതുണി വ്യവസായം.പ്രധാനകേന്ദ്രം മുംബൈ. മഹാരാഷ്ട്ര,ഗുജറാത്ത്,മധ്യപ്രദേശ് |
| | ചണം | 150 cm ൽ കൂടുതൽ | ഉയർന്ന താപനില | നീർവാർച്ചയുള്ള എക്കൽമണ്ണ് | ചണ ഉൽപ്പാദനത്തിൽ ലോകത്ത് ഇന്ത്യ രണ്ടാം സ്ഥാനം, താരതമ്യേന വിലകറഞ്ഞ നാരുവിള.പ.ബംഗാൾ,ഒഡീഷ.ആസ്സാം |
| പാനീയ വിളകൾ | തേയില | 200 cm - 250 cm | 25 ഡിഗ്രി c -30 ഡിഗ്രി c | ജൈവാംശമുള്ള, നീർവാർച്ചയുള്ള മണ്ണ് | ഇന്ത്യ ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യം,കുന്നിൻ ചെരിവുകളാണ് കൃഷിക്ക് അനുയോജ്യം.ആസ്സാം,കേരളം,തമിഴ്നാട് |
| | കാപ്പി | ഉയർന്ന വർഷപാതം | മിതമായ താപനില | നീർവാർച്ചയുള്ള വനമണ്ണ് | ഉൽപ്പാദനത്തിൽ ഇന്ത്യക്ക് ആറാം സ്ഥാനം,ഉഷ്ണമേഖലാ തോട്ടവിള,പശ്ചിമഘട്ടമലനിരകളിൽ കൂടുതൽ.കർണ്ണാടകം,കേരളം,തമിഴ്നാട് |
| മറ്റു വിളകൾ | കരിമ്പ് | ആവശ്യത്തിന് | ആവശ്യത്തിന് | കറുത്തമണ്ണ് എക്കൽമണ്ണ് | ഉൽപ്പാദനത്തിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനം,ഉഷ്ണമേഖലാ വിള,കരിമ്പിൽനിന്ന് പഞ്ചസാരയും ശർക്കരയും ഉണ്ടാക്കുന്നു. ഉത്തർപ്രദേശ്,മഹാരാഷ്ട്ര,കർണ്ണാടകം |
| | റബ്ബർ | 150 cm ൽ കൂടുതൽ | 25 ഡിഗ്രി c ന് മുകളിൽ | ലാറ്ററൈറ്റ് മണ്ണ് | ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്.--കേരളം,തമിഴ്നാട്,ആൻഡമാൻ ദ്വീപുകൾ |
| സുഗന്ധ വ്യഞ്ജനങ്ങൾ | ഏലം കുരുമുളക്, ജാതി | ധാരാളം മഴ | ഉഷ്ണമേഖല കാലാവസ്ഥ | വനമണ്ണ് ,മണൽമണ്ണ് | പശ്ചിമഘട്ട മലനിരകളിലാണ് ഏറ്റവും കൂടുതലുള്ളത്. |

4. ധാതുക്കൾ

| A. ലോഹധാതുക്കൾ | | |
|---|---|---|
| ഇരുമ്പിന്റെ അംശമുള്ളവ | ഇരുമ്പയിര് | മാഗ്നറ്റൈറ്റ്,ഹെമറ്റൈറ്റ്,ലിമോണൈറ്റ്,സിഡറൈറ്റ് എന്നീ 4 തരം ഇരുമ്പയിര് ഇന്ത്യയിലുണ്ട്.ലോകത്തെ മൊത്തം ഇരുമ്പയിരിന്റെ 20 % ഇന്ത്യയിലാണ്.ഇരുമ്പയിര് കയറ്റുമതിയിൽ ഇന്ത്യ നാലാം സ്ഥാനത്താണ്.ഇന്ത്യയിലെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായമാണ് ഇരുമ്പുരുക്കു വ്യവസായം. |

| | | |
|---|---|---|
| | മാംഗനീസ് | ഇരുമ്പുരുക്ക വ്യവസായത്തിൽ ഉപയോഗിക്കുന്ന പ്രധാന ലോഹധാതുവാണ്.ഇരുമ്പയിര് നിക്ഷേപങ്ങൾക്കരികെ സാധാരണ കാണപ്പെടുന്നു.ഇരുമ്പുമായി കലർത്തി സങ്കരലോഹ നിർമ്മാണത്തിന് ഉപയോഗിക്കുന്നു.ഒഡീഷ,കർണ്ണാടകം,മഹാരാഷ്ട്രയിൽ കാണപ്പെടുന്നു. |
| ഇരുമ്പിന്റെ അംശമില്ലാത്തവ | സ്വർണ്ണം,വെള്ളി,ചെമ്പ്,ബോക്സൈറ്റ് | |

| ധാതുക്കൾ | ഉപയോഗം | പ്രധാന ഉൽപ്പാദക സംസ്ഥാനങ്ങൾ |
|---|---|---|
| സ്വർണ്ണം | ആഭരണനിർമ്മാണം | കർണാടകം |
| വെള്ളി | ആഭരണനിർമ്മാണം,ഇലക്ട്രോപ്ലേറ്റിങ്,ഫോട്ടോഗ്രാഫി | രാജസ്ഥാൻ,ജാർഖണ്ഡ്, കർണാടകം |
| ചെമ്പ് | വൈദ്യുതോപകരണ വ്യവസായങ്ങളിൽ ചാലകമായി ഉപയോഗിക്കുന്നു | ജാർഖണ്ഡ്,രാജസ്ഥാൻ,മധ്യപ്രദേശ് |
| ബോക്സൈറ്റ് | അലുമിനിയത്തിന്റെ അയിരാണിത്.വിമാനം,വൈദ്യുതോപകരണങ്ങൾ, ഗാർഹിക ഉപകരണങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു | ജാർഖണ്ഡ്,ഛത്തീസ്ഗഡ്, മധ്യപ്രദേശ്,ഒഡീഷ |
| അഭ്രം | വൈദ്യുതോപകരണ വ്യവസായങ്ങളിൽ ഇൻസുലേറ്ററായി ഉപയോഗിക്കുന്നു | ആന്ധ്രാപ്രദേശ്,രാജസ്ഥാൻ, ജാർഖണ്ഡ്,ബീഹാർ |

5. ഇന്ത്യയിലെ പ്രധാന ഇരുമ്പയിര് ഖനനമേഖലകൾ :

| സംസ്ഥാനം - പ്രധാന ഖനനമേഖലകൾ |
|---|
| ഒഡീഷ – സുന്ദർഗഡ്,മയൂർഭഞ്ജ്,ജാർ<br>ജാർഖണ്ഡ് - സിംഗ്ഭം,ദുർഗ്<br>കർണ്ണാടകം - ബെല്ലാരി, ചിക്കമഗലൂർ,ഷിമോഗ, ചിത്രദുർഗ്<br>ഗോവ – മർമഗോവ<br>തമിഴ്നാട് - സേലം, നീലഗിരി |

6. ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക വ്യവസായ ശാലകൾ :

| ഇരുമ്പുരുക്ക വ്യവസായ ശാലകൾ | സ്ഥിതിചെയ്യുന്ന സ്ഥലം | സവിശേഷത |
|---|---|---|
| ടാറ്റ ഇരുമ്പുരുക്ക കമ്പനി | ജംഷഡ്പൂർ(ജാർഖണ്ഡ്) | ഏറ്റവും വലിയ സ്വകാര്യമേഖല ഇരുമ്പുരുക്ക വ്യവസായ ശാല |
| ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി | കൾട്ടി,ബരൺപൂർ,ഹിരാപൂർ (പ.ബംഗാൾ) | പൊതുമേഖലയിലെ ആദ്യ ഇരുമ്പുരുക്ക വ്യവസായ ശാല |
| വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ് | ഭദ്രാവതി(കർണാടകം) | ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക വ്യവസായ ശാല |
| ഭിലായ് സ്റ്റീൽ പ്ലാന്റ് | ദുർഗ്(ഛത്തീസ്ഗഡ്) | 1959 ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു |
| റൂർക്കേല സ്റ്റീൽ പ്ലാന്റ് | സുന്ദർഗഡ് (ഒഡീഷ) | 1959 ൽ ജർമ്മനിയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു |
| ദുർഗാപൂർ സ്റ്റീൽ പ്ലാന്റ് | ദുർഗാപൂർ (പ.ബംഗാൾ) | 1962 ൽ യു.കെ യുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിച്ചു |
| ബൊക്കാറോ സ്റ്റീൽ പ്ലാന്റ് | ബൊക്കാറോ (ജാർഖണ്ഡ്) | 1964 ൽ റഷ്യയുടെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചു. |

| 4 B. അലോഹധാതുക്കൾ |
|---|
| ധാതു ഇന്ധനങ്ങൾ - കൽക്കരി,പൊട്രോളിയം,പ്രകൃതിവാതകം എന്നിവ ഊർജവിഭവങ്ങളാണ്.ഇവയെ ഫോസിൽ ഇന്ധനങ്ങൾ എന്ന് വിളിക്കുന്നു. |
| കൽക്കരി - ഇന്ത്യയിലെ മുഖ്യ താപോർജസ്രോതസ്.പ്രധാന വ്യാവസായിക ഇന്ധനം.ബിറ്റുമിനസ് വിഭാഗത്തിലുള്ള ഇടത്തരം കൽക്കരിയാണ് ഇന്ത്യയിൽ കൂടുതൽ.ജാർഖണ്ഡിലെ ജാറിയയാണ് ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം.തമിഴ്നാട്ടിലെ നെയ് വേലിയിൽ ലിഗ്നൈറ്റ് എന്ന ഇന്ധനക്ഷമത കുറഞ്ഞ കൽക്കരി കാണപ്പെടുന്നു.പ.ബംഗാൾ,ജാർഖണ്ഡ്,ഒഡീഷ ,ഛത്തീസ്ഗഡ് എന്നിവയാണ് പ്രധാന ഉൽപ്പാദക സംസ്ഥാനങ്ങൾ. |
| പൊട്രോളിയവും ,പ്രകൃതിവാതകവും - റോഡ്,റെയിൽ,വ്യോമഗതാഗത മേഖലകൾക്ക് മുഖ്യ ഊർജസ്രോതസാണ് പെട്രോളിയം.പെട്രോൾ,ഡീസൽ എന്നീ ഇന്ധനങ്ങൾക്ക പുറമെ രാസവളങ്ങൾ,കൃത്രിമ റബർ,കൃത്രിമ മരുന്നുകൾ,വാസലിൻ തുടങ്ങിയ ഉപ ഉൽപ്പന്നങ്ങൾ പെട്രോളിയത്തിൽനിന്ന് വേർതിരിച്ചെടുക്കുന്നു.ആസാമിലെ ഡിഗ്ബോയിയിലാണ് ഇന്ത്യയിൽ ആദ്യമായി പെട്രോളിയം ഖനനം ചെയ്തത്.മഹാരാഷ്ട്രയിലെ മുംബൈ ഹൈ യാണ് ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി.ആസാം,ഗുജറാത്ത്,മഹാരാഷ്ട്ര എന്നിവയാണ് ഇന്ത്യയിലെ പെട്രോളിയം ഉൽപ്പാദക സംസ്ഥാനങ്ങൾ.പെട്രോളിയം |

ഖനനത്തോടൊപ്പം ലഭിക്കുന്ന ഇന്ധനമാണ് പ്രകൃതിവാതകം.ചിലയിടങ്ങളിൽ പ്രകൃതിവാതകനിക്ഷേപം മാത്രമായും കാണപ്പെടുന്നു.പ്രത്യേകിച്ച് തമിഴ്നാട്,ആന്ധ്രാതീരങ്ങളിൽ.

7. ആണവധാതുക്കൾ : യുറേനിയം,തോറിയം എന്നിവയാണ് പ്രധാന ആണവധാതുക്കൾ.ജാർഖണ്ഡ്,രാജസ്ഥാൻ,മഹാരാഷ്ട്ര എന്നിവിടങ്ങളിൽ യുറേനിയം നിക്ഷേപമുണ്ട്.കേരളം,തമിഴ്നാട് എന്നിവിടങ്ങളിലെ തീരദേശ മണലിൽ കാണുന്ന മോണസൈറ്റ്,ഇൽമനൈറ്റ് എന്നീ ധാതുക്കളിൽ നിന്ന് തോറിയം ഉൽപ്പാദിപ്പിക്കുന്നു.

8. വ്യവസായങ്ങളുടെ സ്ഥാനനിർണ്ണയഘടകങ്ങൾ :

A. മുംബൈ പ്രധാന പരുത്തിതുണിവ്യവസായ കേന്ദ്രമായി മാറാൻ അനുകൂല സാഹചര്യങ്ങൾ ?

1. സമീപപ്രദേശങ്ങളിൽ നിന്ന് അസംസ്കൃതവസ്തുക്കളുടെ സുഗമമായ ലഭ്യത 2. കുറഞ്ഞ നിരക്കിൽ ഊർജ്ജലഭ്യത 3. ശുദ്ധജലലഭ്യത 4. മനുഷ്യവിഭവലഭ്യത 5. മുംബൈ തുറമുഖം കേന്ദ്രീകരിച്ചുള്ള കയറ്റിറക്കുമതി സാധ്യതകൾ

B. ഇരുമ്പുരുക്ക വ്യവസായത്തിന്റെ സ്ഥാനനിർണ്ണയ ഘടകങ്ങൾ ?

അസംസ്കൃതവസ്തുക്കളുടെ സുഗമമായ ലഭ്യത, ജലലഭ്യത , ഗതാഗതസൗകര്യങ്ങൾ, കയറ്റുമതി സൗകര്യങ്ങൾ തൊഴിലാളികളുടെ ലഭ്യത

9. ഇന്ത്യയിലെ പ്രധാന ആണവോർജനിലയങ്ങൾ :

A. താരാപ്പൂർ -മഹാരാഷ്ട്ര B. റാവത്ഭട്ട – രാജസ്ഥാൻ C. കൈഗ – കർണ്ണാടകം
D. കൽപ്പാക്കം ,കൂടംകുളം - തമിഴ്നാട് E. കാക്രാപാറ – ഗുജറാത്ത് F. നറോറ -ഉത്തർപ്രദേശ്

10. പാരമ്പര്യേതര ഊർജസ്രോതസ്സുകൾ :

A. സൗരോർജം,കാറ്റിൽനിന്നുള്ള ഊർജം,തിരമാലയിൽനിന്നുള്ള ഊർജം,വേലിയോർജം,ജൈവവാതകം എന്നിവയാണ് ഇന്ത്യയിലെ പ്രധാന പാരമ്പര്യേതര ഊർജസ്രോതസ്സുകൾ.

B. ഇവ പുനസ്ഥാപിക്കാനാവുന്നതും,ചെലവുകുറഞ്ഞതും,പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്തതുമാണ്.

11. പാരമ്പര്യ ഊർജസ്രോതസ്സുകൾ :

A. കൽക്കരി,പെട്രോളിയം തുടങ്ങിയ ധാതുവിഭവങ്ങളാണ് പാരമ്പര്യ ഊർജസ്രോതസ്സുകൾ.

B. ഇവ ദീർഘകാലമായി ഊർജാവശ്യത്തിന് ഉപയോഗിക്കുന്നു.അതിനാൽ ഭൂമിയിൽ ഇവയുടെ അളവ് കുറഞ്ഞുവരുന്നു.

C. ഇവ പുനസ്ഥാപിക്കപ്പെടാത്തവയാണ്.ഇവ കത്തിക്കുന്നത് വൻ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നു.

12. ഗതാഗതം : രാജ്യത്ത് ഗതാഗതവ്യവസ്ഥയുടെ ആവശ്യകതയെന്ത് ?

ഉൽപ്പാദനമേഖലകളിൽ ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഉറപ്പാക്കുന്നതിനും ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് ആവശ്യാനുസരണം എത്തിക്കുന്നതിനും കാര്യക്ഷമമായ ഗതാഗതവ്യവസ്ഥ അനിവാര്യമാണ്.

13. ഇന്ത്യയിലെ ഗതാഗതമാർഗ്ഗങ്ങൾ :

a. റോഡ് ഗതാഗതം b. റെയിൽ ഗതാഗതം c. ജല ഗതാഗതം d. വ്യോമ ഗതാഗതം

14. റോഡ് ഗതാഗതം - ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഗതാഗതമാർഗം.ഗ്രാമങ്ങളെയും നഗരങ്ങളെയും ബന്ധിപ്പിക്കുന്നു.

15. നിർമ്മാണ -നിർവഹണ സംവിധാനത്തെ അടിസ്ഥാനമാക്കി റോഡുകളെ നാലായി വർഗ്ഗീകരിക്കാം

| ദേശീയ പാതകൾ | സംസ്ഥാന പാതകൾ | ജില്ലാ റോഡുകൾ | ഗ്രാമീണ റോഡുകൾ |
|---|---|---|---|
| രാജ്യത്തെ ഏറ്റവും പ്രധാന റോഡുകൾ.വിവിധ തലസ്ഥാനങ്ങൾ, നഗരങ്ങൾ,തുറമുഖങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നു. നിർമ്മാണ -നിർവഹണ ചുമതല കേന്ദ്രസർക്കാരിനാണ്. | സംസ്ഥാന തലസ്ഥാനങ്ങളെ ജില്ലാ ആസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ.നിർമ്മാണ-നിർവഹണ ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്. | ജില്ലാ ആസ്ഥാനങ്ങളെ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ.ചുമതല ജില്ലാപഞ്ചായത്തിനാണ്. | ഗ്രാമങ്ങളിലെ ആഭ്യന്തര സഞ്ചാരത്തിനുപയോഗിക്കുന്ന റോഡുകൾ.ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കാണ്. |

16.സുവർണ്ണ ചതുഷ്കോണ സൂപ്പർഹൈവേ :

ഇന്ത്യയിലെ മെഗാനഗരങ്ങളായ ഡൽഹി,മുംബൈ,ചെന്നൈ,കൊൽക്കത്ത എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറുവരിപാതകളായ സൂപ്പർഹൈവേകളെ ചേർത്ത് സുവർണ്ണ ചതുഷ്കോണ സൂപ്പർഹൈവേ എന്ന് പറയുന്നു. നാഷ്ണൽ ഹൈവേ അതോറിറ്റിക്കാണ് ഇതിന്റെ ചുമതല.

17. റെയിൽ ഗതാഗതം : ഇന്ത്യൻ റെയിൽവേ -ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവേ ശൃംഖല.

ഏറ്റവും വലിയ പൊതുമേഖല സംരംഭം.സഞ്ചാരത്തിനും ചരക്കുഗതാഗതത്തിനും ഉപയോഗിക്കുന്നു. ഇന്ത്യയുടെ വ്യാവസായിക വളർച്ചയിൽ നിർണ്ണായക സ്ഥാനമുണ്ട്.1853 ൽ ആരംഭിച്ചു.മഹാരാഷ്ട്രയിലെ മുംബൈ മുതൽ താനെ വരെ 34 km ആണ് ആദ്യ റെയിൽപാത.ഭരണനിർവഹണത്തിനായി ഇന്ത്യൻ റെയിൽവേയെ 16 മേഖലകളായി തിരിച്ചിരിക്കുന്നു.കേരളത്തിലെ റെയിൽ ശൃംഖല സതേൺ റെയിൽവേ മേഖലയുടെ ഭാഗമാണ്.ചെന്നൈ ആണ് ഇതിന്റെ ആസ്ഥാനം.ആവി എഞ്ചിനുകൾക്ക് പകരം ഡീസൽ -ഇലക്ട്രിക്കൽ എഞ്ചിനുകൾ ഇപ്പോൾ ഉപയോഗിക്കുന്നു.പ്രധാനനഗരങ്ങളെ കേന്ദ്രീകരിച്ച് മെട്രോറെയിൽ പദ്ധതി നടപ്പിലാക്കിവരുന്നു.കേരളത്തിൽ കൊച്ചി മെട്രോറെയിൽ പദ്ധതി പുരോഗമിക്കുന്നു.

18.പാളങ്ങൾ തമ്മിലുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ റെയിൽവേയുടെ വർഗീകരണം :

| റെയിൽഗേജ് | പാളങ്ങൾ തമ്മിലുള്ള അകലം | ഇന്ത്യയിലെ ആനുപാതിക ദൈർഘ്യം |
|---|---|---|
| ബ്രോഡ്ഗേജ് | 1.68 മീറ്റർ | 74.00% |
| മീറ്റർഗേജ് | 1 മീറ്റർ | 21.00% |
| നാരോഗേജ് | 0.762 മീറ്റർ, 0.610 മീറ്റർ | 5.00% |

19. ജലഗതാഗതം : മേന്മകൾ

a. ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗം b. വൻതോതിലുള്ള ചരക്കുഗതാഗതത്തിന് ഉചിതം

c. പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ല d. അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

20. ജലഗതാഗതം : രണ്ട് തരം - A. ഉൾനാടൻ ജലഗതാഗതം B. സമുദ്രജലഗതാഗതം

21. ഉൾനാടൻ ജലഗതാഗതം : നദികൾ,കായലുകൾ,കനാലുകൾ തുടങ്ങിയവയിലൂടെയുള്ള ഗതാഗതം.
സഞ്ചാരത്തിനും,ചരക്കുഗതാഗതത്തിനും,ഉൾനാടൻ മത്സ്യബന്ധനത്തിനും വിനോദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുന്നു.

22. സമുദ്രജലഗതാഗതം : അറബിക്കടൽ,ബംഗാൾ ഉൾക്കടൽ,ഇന്ത്യൻ മഹാസമുദ്രം വഴിയുള്ളത്

23. ഇന്ത്യയിൽ വൻതോതിൽ ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്ന മേഖലകൾ :
A. ഗംഗാ,ബ്രഹ്മപുത്രാ നദികളും പോഷകനദികളും B. ഗോദാവരി,കൃഷ്ണാ നദികളും പോഷകനദികളും
C. ആന്ധ്രാ-തമിഴ്നാട് പ്രദേശത്തെ ബക്കിങ്ഹാം കനാൽ.
D. ഗോവയിലെ മാണ്ഡോവി,സുവാരി നദികൾ E. കേരളത്തിലെ കായലുകൾ

24. ഇന്ത്യയിലെ ദേശീയ ജലപാതകൾ : (1986 ൽ ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപീകരിച്ചു )

| | |
|---|---|
| ദേശീയ ജലപാത 1 (NW 1) | ഗംഗാനദിയിൽ അലഹാബാദ് മുതൽ ഹാൽഡിയ വരെ(1620 കി.മീ.) |
| ദേശീയ ജലപാത 2 (NW 2) | ബ്രഹ്മപുത്രനദിയിൽ സദിയ മുതൽ ധൂബ്രിവരെ (891 കി.മീ.) |
| ദേശീയ ജലപാത 3 (NW 3) | കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാൽ(205 കി.മീ.) |
| ദേശീയ ജലപാത 4 (NW 4) | ഗോദാവരി-കൃഷ്ണ നദികളുമായി ചേർന്ന് കാക്കിനാട മുതൽ പുതുച്ചേരി വരെയുള്ള കനാൽ (1095 കി.മീ.) |
| ദേശീയ ജലപാത 5 (NW 5) | പൂർവതീര കനാലുമായി ബന്ധിപ്പിച്ചുള്ള ബ്രാഹ്മണി-മഹാനദി ഡൽറ്റാ നദീവ്യവസ്ഥ (623 കി.മീ.) |

25. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ -12

| പടിഞ്ഞാറൻ തീരം | കിഴക്കൻ തീരം |
|---|---|
| 1. കണ്ട് ല<br>2. മുംബൈ<br>3. നെവാഷേവ<br>4. മർമഗോവ<br>5. മംഗലാപുരം<br>6. കൊച്ചി | 1. തൂത്തുക്കുടി<br>2. ചെന്നൈ<br>3. വിശാഖപട്ടണം<br>4. പാരാദ്വീപ്<br>5. ഹാൽഡിയ<br>6. കൊൽക്കത്ത |

26. വ്യോമഗതാഗതം
A. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലാണ് ഇന്ത്യയുടെ വ്യോമഗതാഗതം
B. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ 11 അന്താരാഷ്ട്രവിമാനത്താവളങ്ങളടക്കം 126 വിമാനത്താവളങ്ങളുണ്ട്.
C. നിരവധി സ്വകാര്യകമ്പനികളും ഇന്ത്യയിൽ വിമാനസർവീസുകൾ നടത്തുന്നുണ്ട്
D. കേരളത്തിൽ 3 അന്താരാഷ്ട്രവിമാനത്താവളങ്ങളുണ്ട്.-തിരുവനന്തപുരം,നെടുമ്പാശ്ശേരി-കൊച്ചി,കരിപ്പൂർ -കോഴിക്കോട് എന്നിവയാണവ.

27. കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാതകൾ NH- 47 , NH-49 ,NH-17

28. ഇന്ത്യയിലെ വ്യവസായങ്ങൾ :

| ധാതു അധിഷ്ഠിത വ്യവസായങ്ങൾ | കൃഷിയധിഷ്ഠിത വ്യവസായങ്ങൾ |
|---|---|
| ഇരുമ്പുരുക്ക വ്യവസായം | പരുത്തിതുണി വ്യവസായം |
| ആഭരണ നിർമ്മാണം | |
| വൈദ്യുതോപകരണവ്യവസായം | പഞ്ചസാര വ്യവസായം |
| ഗാർഹിക ഉപകരണവ്യവസായം | |
| വാഹന നിർമ്മാണം | ചണവ്യവസായം |

## PART A SS II അധ്യായം 9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും ( മാർക്ക് - 4 )

1. ഭാരതീയ റിസർവ് ബാങ്ക് : A. ഇന്ത്യയിൽ നോട്ട് അച്ചടിച്ചിറക്കാൻ അധികാരമുള്ള സ്ഥാപനം.
B. ഇന്ത്യയുടെ കേന്ദ്രബാങ്ക് C. 1935 ൽ സ്ഥാപിതമായി D. ആസ്ഥാനം മുംബൈ ആണ്

2. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ :
a. നോട്ട് അച്ചടിച്ചിറക്കൽ b. വായ്പ നിയന്ത്രിക്കൽ c. സർക്കാരിന്റെ ബാങ്ക് d. ബാങ്കുകളുടെ ബാങ്ക്

3. ഇന്ത്യയിൽ ഒരു രൂപാനോട്ടും അനുബന്ധനാണയങ്ങളും അടിച്ചിറക്കുന്നത് കേന്ദ്രധനകാര്യവകുപ്പാണ്.

4. ധനകാര്യസ്ഥാപനങ്ങൾ : നിക്ഷേപം,വായ്പ തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളാണിവ.

5. ധനകാര്യസ്ഥാപനങ്ങളെ രണ്ടായി തിരിക്കാം : ബാങ്കുകൾ , ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ

| A. ബാങ്കുകൾ | ഉദാഹരണം | B. ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ | |
|---|---|---|---|
| 1. വാണിജ്യബാങ്കുകൾ | SBI,RRBS | 1. ബാങ്കിതര ധനകാര്യകമ്പനികൾ | KSFE |
| 2. സഹകരണ ബാങ്കുകൾ | ജില്ലാ സഹകരണ ബാങ്ക് | 2. മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ | UTI |
| 3. വികസന ബാങ്കുകൾ | IFCI | 3. ഇൻഷ്വറൻസ് കമ്പനികൾ | LIC |

| | | | |
|---|---|---|---|
| 4. സവിശേഷ ബാങ്കുകൾ | നബാർഡ് ,SIDBI | | |

| 6. ബാങ്കുകളുടെ പ്രവർത്തനം | |
|---|---|
| വ്യക്തികൾ ,സ്ഥാപനങ്ങൾ,സർക്കാർ എന്നിവയിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നു | വ്യക്തികൾ ,സ്ഥാപനങ്ങൾ,സർക്കാർ എന്നിവയ്ക്ക് വായ്പകൾ നൽകുന്നു |
| നിക്ഷേപത്തുക പലിശയോടെ തിരികെ നൽകുന്നു | വായ്പത്തുക പലിശയോടെ തിരികെ വാങ്ങുന്നു |

7. ബാങ്കിന്റെ പ്രധാന വരുമാനം : നിക്ഷേപത്തിനു നൽകുന്ന പലിശയും വായ്പകൾക്ക് വാങ്ങുന്ന പലിശയും തമ്മിലുള്ള വ്യത്യാസമാണ്.
8. പുത്തൻതലമുറ ബാങ്കുകൾ : 1991 ന് ശേഷം ലൈസൻസ് ലഭിച്ചതും നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്നതുമായ ബാങ്കുകളാണ് ഇവ.
9. വാണിജ്യബാങ്കുകളെ രണ്ടായി തിരിക്കാം- A. പൊതുമേഖലാ ബാങ്കുകൾ , B. സ്വകാര്യ ബാങ്കുകൾ

| പൊതുമേഖലാ ബാങ്കുകൾ | സ്വകാര്യ ബാങ്കുകൾ രണ്ട് തരം |
|---|---|
| a. ഇതിന്റെ ഉടമസ്ഥത പൂർണ്ണമായും സർക്കാരിനാണ്<br>b. ബാങ്കിങ് മേഖലയിലെ പഴക്കം ചെന്നതും ധാരാളം ശാഖകളുള്ളതുമായ സംവിധാനം.നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു.<br>c. ഉദാ.ഭാരതീയ സ്റ്റേറ്റ് ബാങ്കും അതിന്റെ അനുബന്ധ ബാങ്കുകളും,ദേശസാൽകൃത ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും ചേർന്നതാണ് പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 1. സ്വകാര്യ ഇന്ത്യൻ ബാങ്കുകൾ<br>2. സ്വകാര്യ വിദേശ ബാങ്കുകൾ<br>a. ഇതിന്റെ ഉടമസ്ഥത സ്വകാര്യവ്യക്തികൾക്കാണ്<br>b. ഇവ RBI യുടെ നിയന്ത്രണ വിധേയമായി പ്രവർത്തിക്കുന്നു<br>c. ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആസ്ഥാനം വിദേശത്തു പ്രവർത്തിക്കുന്നതുമായ ബാങ്കുകളാണ് സ്വകാര്യവിദേശ വാണിജ്യബാങ്കുകൾ |

10. വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ : A. നിക്ഷേപങ്ങൾ സ്വീകരിക്കുക B. വായ്പകൾ നൽകുക
11.നിക്ഷേപങ്ങൾ നാല് തരം -A. സമ്പാദ്യനിക്ഷേപം,B. പ്രചലിതനിക്ഷേപം,C. സ്ഥിര നിക്ഷേപം,D. ആവർത്തിത നിക്ഷേപം
12. വായ്പകൾക്ക് ഈടായി ബാങ്കുകൾ സ്വീകരിക്കുന്ന വസ്തുക്കൾ :
a. ഭൗതിക ആസ്തികൾ - സ്വർണ്ണം,വസ്തു ആധാരം ... b. സ്ഥിര നിക്ഷേപപത്രങ്ങൾ c. ശമ്പളപത്രം
13. ബാങ്കുകൾ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ജനങ്ങൾക്ക് പണവായ്പ നൽകുന്നത് ?
A. കൃഷി ആവശ്യങ്ങൾക്ക് B. വ്യവസായ ആവശ്യങ്ങൾക്ക് C. വീടുനിർമ്മിക്കാൻ D. വാഹനം വാങ്ങാൻ
14. പണവായ്പ - ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന വായ്പകളാണ് ഇത്.
15. ഓവർഡ്രാഫ്റ്റ് - വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലുള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരമാണിത്.വാണിജ്യബാങ്കുകൾ സ്ഥിര ഇടപാടുകാരായ വ്യക്തികൾക്കു നൽകുന്ന ഒരുതരം വായ്പയാണിത്. പ്രചലിതനിക്ഷേപമുള്ളവർക്കാണ് സാധാരണ ഈ അവസരം ലഭിക്കുക.
16. ബാങ്കുകൾ നൽകുന്ന മറ്റ് സൗകര്യങ്ങളും സേവനങ്ങളും :

| | |
|---|---|
| ലോക്കർ സൗകര്യം | വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ വിലപിടിപ്പുള്ള വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള അവസരം |
| ഡിമാന്റ് ഡ്രാഫ്റ്റ് | പണം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് അയയ്ക്കാനുള്ള സൗകര്യം |
| മെയിൽ ട്രാൻസ്ഫർ | ലോകത്തെവിടെനിന്നും സ്വന്തം അക്കൗണ്ടിലേക്കോ മറ്റൊരാളുടെ അക്കൗണ്ടിലേക്കോ പണം അയയ്ക്കാനുള്ള സൗകര്യം |
| എ.ടി.എം,ഡെബിറ്റ് കാർഡ് | ബാങ്കിൽപോകാതെ ഏതു സമയത്തും പണം നിക്ഷേപിക്കാനും പിൻവലിക്കാനുമുള്ള സൗകര്യം |
| ക്രെഡിറ്റ് കാർഡ് | പണം കൈയ്യിൽ സൂക്ഷിക്കാതെ സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന സൗകര്യം |
| റീച്ചാർജ് &ബില്ല് തുക അടയ്ക്കൽ | ഇൻഷ്വറൻസ് പ്രീമിയം,ടെലിഫോൺ ചാർജ്,വൈദ്യുതി ചാർജ് മുതലായവ അടയ്ക്കാനും മൊബൈൽ റീചാർജ് ചെയ്യാനും,യാത്രാടിക്കറ്റുകൾ എടുക്കാനും സേവനം നൽകുന്നു. |

ബാങ്കിങ് രംഗത്തെ നൂതന പ്രവണതകൾ

17. ഇലക്ട്രോണിക് ബാങ്കിങ് : നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ് ഇലക്ട്രോണിക് ബാങ്കിങ്.എല്ലാ സമയത്തും ബാങ്കിങ്,എല്ലായിടത്തും ബാങ്കിങ് ,നെറ്റ് ബാങ്കിങ്, മൊബൈൽഫോൺ വഴിയുള്ള ബാങ്കിങ് എന്നിവ ഇതിന്റെ ഭാഗമാണ്.
18. കോർ ബാങ്കിങ് : എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സെർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽനിന്ന് മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്നതരത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു സാകര്യമാണ് കോർ ബാങ്കിങ് .ഇതോടെ ബാങ്ക് ഇടപാടുകൾ ലളിതമായി.
19. ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ പ്രയോജനങ്ങൾ (ഇ-ബാങ്കിങ്) :
a. വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയയ്ക്കാനും, ബില്ലുകൾ അടയ്ക്കാനും കഴിയും.
b. കുറഞ്ഞ സമയം മതിയാകും. c. സർവീസ് ചാർജ് കുറവാണ്
20. സഹകരണ ബാങ്കുകൾ - സഹകരണം,സ്വയം സഹായം ,പരസ്പര സഹായം എന്നതാണ് സഹകരണ ബാങ്കുകളുടെ

പ്രവർത്തനതത്ത്വം.സാധാരണക്കാർക്ക് പ്രത്യേകിച്ച് ഗ്രാമീണർക്ക് സാമ്പത്തികസഹായം നൽകുക എന്നതാണ് സഹകരണ ബാങ്കുകളുടെ പ്രധാന ലക്ഷ്യം.

21. സഹകരണ ബാങ്കുകളുടെ പ്രധാന ഉദ്ദേശ്യങ്ങൾ :
A. ജനങ്ങൾക്ക് വായ്പ നൽകുക B. സ്വകാര്യ പണമിടപാട് നടത്തുന്ന വ്യക്തികളിൽനിന്ന് ഗ്രാമീണരെ രക്ഷിക്കുക
C. കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക D. ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.

22. സഹകരണ ബാങ്കുകളുടെ വിവിധ തലങ്ങൾ :

| | |
|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | സംസ്ഥാനത്തെ സഹകരണരംഗത്തെ ഉയർന്ന ഘടകം.ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സാമ്പത്തിക സഹായം നൽകുന്നു |
| ജില്ലാ സഹകരണ ബാങ്കുകൾ | ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സഹായവും ഉപദേശവും നൽകുന്നു |
| പ്രാഥമിക സഹകരണ ബാങ്കുകൾ | ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു.പ്രവർത്തന പ്രദേശത്തിന്റെ പരിധി കുറവ്.ഗ്രാമീണർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുകയും സമ്പാദ്യശീലം വളർത്തുകയും ചെയ്യുന്നു. |

23. വികസന ബാങ്കുകൾ : വ്യവസായശാലകളുടെ സാങ്കേതികവൽക്കരണം, നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കായി ദീർഘകാല വായ്പകളും കാർഷിക-വാണിജ്യവായ്പകളും നൽകുന്ന സ്ഥാപനങ്ങളാണിത്.

24. വികസന ബാങ്കുകളുടെ പ്രധാന സവിശേഷതകൾ :
a. വിവിധമേഖലകളുടെ വികസനത്തിനു സഹായിക്കുന്ന ഏജന്റായി പ്രവർത്തിക്കുന്നു.
b. വീട്ടുനിർമ്മാണം,ചെറുകിട വ്യവസായം ,അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് വായ്പ നൽകുന്നു.

25. സവിശേഷ ബാങ്കുകൾ : ചില പ്രത്യേക മേഖലകളുടെ വികസനത്തിനുമാത്രമായി സാമ്പത്തികസഹായം നൽകുന്ന സ്ഥാപനങ്ങളാണിവ.

26. ചില സവിശേഷ ബാങ്കുകളും അവയുടെ സവിശേഷതകളും :

| ബാങ്ക് | സവിശേഷത |
|---|---|
| എക്സിം ബാങ്ക് ഓഫ് ഇന്ത്യ | ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും വായ്പ നൽകുന്നു. ഈ മേഖലകളിലേക്കു കടന്നുവരുന്ന വ്യക്തികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. |
| ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക് (SIDBI) | പുതിയ ചെറുകിടവ്യവസായം തുടങ്ങാനും,വ്യവസായങ്ങൾ ആധുനികവൽക്കരിക്കാനും സഹായം നൽകുന്നു. ഗ്രാമീണ വ്യവസായത്തെ ഉണർത്തുകയാണ് ലക്ഷ്യം. |
| നബാർഡ് (NABARD) | ഗ്രാമീണ വികസനത്തിനും,കാർഷികവികസനത്തിനുമായി പ്രവർത്തിക്കുന്ന ഇന്ത്യയുടെ പരമോന്നത ബാങ്ക്.ഗ്രാമീണ വികസനത്തിനായി പ്രവർത്തിക്കുന്ന ബാങ്കുകളെ ഏകോപിപ്പിക്കുന്നു.കൃഷി,കൈത്തൊഴിൽ,ചെറുകിടവ്യവസായം എന്നിവയ്ക്ക് സഹായം നൽകുന്നു. |

27. ബാങ്കിങ് രംഗത്ത് പ്രത്യേക ലക്ഷ്യത്തോടെ കടന്നുവന്ന പുതിയ ബാങ്കുകൾ :

| | |
|---|---|
| മഹിളാബാങ്കുകൾ | 2013 നവംബറിൽ ആരംഭിച്ചതാണ് ഭാരതീയ മഹിളാബാങ്ക്.വനിതാശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം എന്നതാണ് ഇതിന്റെ മുദ്രാവാക്യം.എല്ലാവരിൽനിന്നും നിക്ഷേപം സ്വീകരിക്കുകയും വനിതകൾക്ക് കൂടുതലായി വായ്പകൾ നൽകുകയും ചെയ്യുന്നു. |
| പെയ്മെന്റ് ബാങ്കുകൾ | കുറഞ്ഞ വരുമാനക്കാരെയും,ചെറുകിടവ്യവസായികളെയും,കുടിയേറ്റ തൊഴിലാളികളെയും സഹായിക്കാനായി രൂപംകൊണ്ടവയാണ് ഇവ.ബാങ്ക് നൽകുന്ന സേവനങ്ങൾ പൂർണമായും ഇവ നൽകുന്നില്ല |
| മുദ്രാബാങ്ക് | ചെറുകിട വായ്പ നൽകുന്നതിനായി അടുത്തകാലത്ത് അനുവദിച്ചതാണിത്. ചെറുകിടസംരംഭകർക്കും,മൈക്രോഫിനാൻസിനും ഇത് സാമ്പത്തിക സഹായം നൽകുന്നു |

28. പെയ്മെന്റ് ബാങ്കുകളുടെ സവിശേഷതകൾ :
a. ഒരു ലക്ഷം രൂപവരെ മാത്രമേ നിക്ഷേപമായി സ്വീകിക്കുകയുള്ളൂ b. നിക്ഷേപകർക്ക് RBI നിശ്ചയിച്ച പലിശ നൽകുന്നു.
c. ഇവ വായ്പ നൽകുന്നില്ല d. ഡെബിറ്റ് കാർഡ് നൽകും,ക്രെഡിറ്റ് കാർഡ് നൽകില്ല.
e. ബാങ്കിടപാടുകൾക്ക് നിശ്ചിത ഫീസ് കമ്മീഷനായി ഈടാക്കും

## ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ

29. ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ - ധനകാര്യരംഗത്ത് പ്രവർത്തിക്കുകയും ബാങ്ക് നൽകുന്ന എല്ലാ ധർമ്മങ്ങളും നിർവഹിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണിവ.നിക്ഷേപം സ്വീകരിക്കുക,വായ്പ നൽകുക എന്നീ അടിസ്ഥാന ധർമ്മങ്ങൾ ഇവ ചെയ്യുന്നു.എന്നാൽ ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കൽ മെയിൽ ട്രാൻസ്ഫർ,ലോക്കർ എന്നീ സേവനങ്ങൾ ഇവിടെനിന്ന് ലഭിക്കില്ല.ഇവ മൂന്ന് തരമുണ്ട്.

30. ബാങ്കിതര ധനകാര്യ കമ്പനികൾ : RBI യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.
1936 ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇവ ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ നിർവഹിക്കുന്നു.ഉദാ.KSFE

31. ബാങ്കിതര ധനകാര്യ കമ്പനികൾ നൽകുന്ന പ്രധാന സേവനങ്ങൾ :
a. ഹയർപർച്ചേസിന് വായ്പ നൽകുന്നു b. വീട്ടുനിർമ്മാണത്തിന് വായ്പ നൽകുന്നു c.സ്വർണ്ണപ്പണയത്തിന്മേൽ വായ്പ നൽകുന്നു
d. ചിട്ടികൾ നടത്തുന്നു e. സ്ഥിരനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നു.

32. മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ : ഇതൊരു നിക്ഷേപമാർഗ്ഗമാണ്.നിക്ഷേപകരിൽ നിന്ന് പണം സമാഹരിച്ച് ഓഹരിക്കമ്പോളത്തിലും കടപ്പത്രങ്ങൾ,അടിസ്ഥാന വികസനമേഖല എന്നിവയിലും നിക്ഷേപിക്കുന്നു.ഇങ്ങനെ ലഭിക്കുന്ന ലാഭം അഥവാ നഷ്ടം നിക്ഷേപകർക്ക് വീതിച്ചുനൽകുന്നു. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് UTI,LIC MF,SBI MF.

33. ഇൻഷ്വറൻസ് കമ്പനികൾ :വ്യക്തികളുടെ ജീവനും സ്വത്തിനും സാമ്പത്തികസംരക്ഷണം നൽകുന്ന സ്ഥാപനങ്ങളാണ് ഇവ. സാമൂഹിക സുരക്ഷിതത്വവും വ്യക്തിഗത ക്ഷേമവും ഇവ ഉറപ്പുവരുത്തുന്നു.പൊതു -സ്വകാര്യമേഖലകളിൽ ഇൻഷ്വറൻസ് കമ്പനികൾ ഇന്ന് പ്രവർത്തിക്കുന്നു.ഉദാ.LIC ഓഫ് ഇന്ത്യ .
നോൺ ലൈഫ് ഇൻഷ്വറൻസ് കമ്പനികളും ഇന്ത്യയിലുണ്ട്.ഇവ അപകടം,പ്രകൃതിദുരന്തം എന്നിവയിലൂടെയുണ്ടാകുന്ന നഷ്ടങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നു.ഉദാ.ജനറൽ ഇൻഷ്വറൻസ് കമ്പനി.

34. മൈക്രോഫിനാൻസ് : സാധാരണക്കാർക്ക് ലഘുവായ്പയുൾപ്പെടെ വിവിധ തരത്തിലുള്ള സാമ്പത്തികസേവനങ്ങൾ നൽകുകയാണ് ഇതിന്റെ ലക്ഷ്യം.സാധാരണക്കാരിൽ സമ്പാദ്യശീലം വളർത്താനും സ്വയംതൊഴിൽ കണ്ടെത്താനും ഇത് സഹായിക്കുന്നു.ഉദാ. കുടുംബശ്രീ,പുരു,സ്വയംസഹായസംഘങ്ങൾ.

35. മൈക്രോഫിനാൻസ് സംരംഭങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ( കുടുംബശ്രീ,പുരു,സ്വയംസഹായസംഘങ്ങൾ) :
a. വ്യക്തികളിൽനിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു
b. സമ്പാദ്യശീലം വളർത്തുന്നു c.ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു d. അംഗങ്ങൾക്ക് ആവശ്യസമയത്ത് വായ്പ നൽകുന്നു
e. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നു. f. വ്യക്തിഗത കഴിവുകൾ ഗ്രൂപ്പ് വികസനത്തിന് പ്രയോജനപ്പെടുത്തുന്നു.

## PART B SS II അധ്യായം 10 ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും ( മാർക്ക് - 8 )

1.ഉപഭോഗം : മനുഷ്യന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനായി സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനെയാണ് ഉപഭോഗം എന്ന് പറയുന്നത്.

2. ഉപഭോക്താവ് : വിലകൊടുത്തോ കൊടുക്കാമെന്ന കരാറിലോ ഏതെങ്കിലും സാധനമോ സേവനമോ വാങ്ങി ഉപയോഗിക്കുന്ന ആൾ ഉപഭോക്താവാണ്

3. സാധനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ ഉപഭോക്താവ് പ്രതീക്ഷിക്കുന്നവ : a. ഗുണമേന്മ
b. വിശ്വാസ്യത c. വിൽപ്പനാനന്തര സേവനം d. ശരിയായ അളവും തൂക്കവും e. ന്യായമായ വിലയ്ക്ക് ലഭിക്കണം

4. സംതൃപ്തി : സാധനങ്ങളുടെയും സേവനങ്ങളുടെയും ഉപഭോഗത്തിന്റെ ഫലമായി ഉപഭോക്താക്കളുടെ ആവശ്യങ്ങൾ സഫലീകരിക്കുന്നതിനെയാണ് സംതൃപ്തി എന്ന് പറയുന്നത്

5. ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങൾ / വിപണിയിൽ ഉപഭോക്താവ് നേരിടുന്ന പ്രശ്നങ്ങൾ ?
a. ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിൽക്കുന്നത് b. മായം ചേർക്കുന്നത് c. അമിതവില ഈടാക്കുന്നത്
d. അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്

6. 1986 ലെ ഉപഭോക്തൃസംരക്ഷണനിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ :
a. ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങളിൽനിന്ന് സംരക്ഷണം ലഭിക്കാനുള്ള അവകാശം
b. ന്യായവിലയ്ക്ക് സാധന സേവനങ്ങൾ ലഭിക്കാനുള്ള അവകാശം
c. ഗുണമേന്മയുള്ള സാധന സേവനങ്ങൾ ലഭിക്കാനുള്ള അവകാശം d.ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം
e. അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്കു പരിഹാരം തേടാനുള്ള അവകാശം

7. ഉപഭോക്തൃകോടതികൾ : ഉപഭോക്താവിന് ഉൽപ്പാദകരിൽനിന്നോ വിതരണക്കാരിൽ നിന്നോ തൃപ്തികരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ഉപഭോക്താവിനെ നിയമപരമായി സഹായിക്കാൻ ചുമതലപ്പെട്ട സംവിധാനമാണിത് . ഉപഭോക്താക്കളിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയും ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തുകയും ചെയ്യുന്നതിന് ഉപഭോക്തൃകോടതികൾക്ക് കഴിയുന്നുണ്ട് .

8. ജില്ലാ- സംസ്ഥാന – ദേശീയ ഉപഭോക്തൃകോടതികളുടെ ഘടനയും അധികാരങ്ങളും :

| ഉപഭോക്തൃകോടതികൾ | ഘടന | അധികാരം |
|---|---|---|
| ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം | ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പ്രസിഡന്റും രണ്ട് അംഗങ്ങളും ഒരംഗമെങ്കിലും വനിത ആകണം | 20 ലക്ഷം രൂപ വരെയുള്ള ഉപഭോക്തൃതർക്കങ്ങളിൽ പരാതി സ്വീകരിച്ച് തെളിവെടുപ്പ് നടത്തി തീർപ്പുകൽപ്പിക്കുന്നു |
| സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ | സംസ്ഥാനതലത്തിൻ പ്രവർത്തിക്കുന്ന പ്രസിഡന്റും രണ്ട് അംഗങ്ങളും ഒരംഗമെങ്കിലും വനിത ആകണം. കൂടുതൽ അംഗങ്ങളെ നിയമിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട് | 20 ലക്ഷം രൂപയ്ക്ക് മുകളിൽ ഒരു കോടി വരെയുള്ള തർക്കങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നു |
| ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ | ദേശിയതലത്തിൽ പ്രവർത്തിക്കുന്ന പ്രസിഡന്റും നാലിൽ കുറയാത്ത അംഗങ്ങളും . കൂടുതൽ അംഗങ്ങളെ നിയമിക്കാൻ കേന്ദ്രസർക്കാരിന് അധികാരമുണ്ട് | ഒരു കോടി രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കുന്നു |

9. ഉപഭോക്തൃകോടതികളുടെ പ്രധാന സവിശേഷതകൾ :
a. നടപടിക്രമങ്ങൾ ലളിതമാണ് b. അതിവേഗം നീതി ഉറപ്പുവരുത്തുന്നു c. വ്യവഹാരച്ചെലവ് വളരെ കുറവാണ്

10. ഉപഭോക്താവിന് പരാതി നൽകാവുന്ന സന്ദർഭങ്ങൾ :
a. വിലയ്ക്കുവാങ്ങിയ സാധനത്തിന് കേടുപാടുകൾ / പോരായ്മകൾ സംഭവിക്കുക

b. മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക

c. വിവിധ സർക്കാർ-സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് ലഭിച്ച സേവനത്തിന് പോരായ്മകൾ ഉണ്ടാവുക

d. നിയമാനുസൃതമുള്ള വിലയേക്കാൾ കൂടുതൽ തുക ഈടാക്കുക e.വിൽപ്പനകൂട്ടാൻ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക

11. ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരങ്ങൾ :

a. പകരം സാധനം നൽകൽ b. അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ c. പരാതി ചെലവ് ലഭ്യമാക്കൽ d. നഷ്ടം നികത്തുന്നതിനുള്ള തുക ലഭ്യമാക്കൽ e. ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന നിരോധിക്കൽ

12. ഉപഭോക്തൃ സംരക്ഷണത്തിനുള്ള ത്രിതല ഉപദേശക സമിതികൾ :

a. ജില്ലാ ഉപഭോക്തൃസംരക്ഷണ കൗൺസിൽ b. സംസ്ഥാന ഉപഭോക്തൃസംരക്ഷണ കൗൺസിൽ

c. ദേശീയ ഉപഭോക്തൃസംരക്ഷണ കൗൺസിൽ. അതതു സർക്കാരുകൾക്ക് ഉപഭോക്താവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം നൽകുക എന്നതാണ് ഈ സമിതികളുടെ ധർമ്മം.

13. 1986 ലെ ഉപഭോക്തൃസംരക്ഷണനിയമത്തിന് പുറമേയുള്ള പ്രധാന നിയമങ്ങൾ :

| നിയമം | വർഷം | പ്രത്യേകത / ലക്ഷ്യം |
|---|---|---|
| സാധന വിൽപ്പന നിയമം | 1930 | സാധനങ്ങൾ വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നു.ഗാരണ്ടി , വാറണ്ടി, വിൽപ്പനാനന്തരസേവനം എന്നിവയുടെ ലംഘനം ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു |
| കാർഷികോൽപ്പന്ന (ഗ്രേഡിങ് &മാർക്കിങ്) നിയമം | 1937 | കാർഷികോൽപ്പന്നങ്ങളുടെ നിലവാരം നിശ്ചയിക്കുന്നത് ഈ നിയമമനുസരിച്ചാണ് |
| അവശ്യസാധന നിയമം | 1955 | കൊള്ളലാഭം,പൂഴ്ത്തിവയ്പ്,കരിഞ്ചന്ത എന്നിവയിൽനിന്ന് ഈ നിയമം ഉപഭോക്താവിന് സംരക്ഷണം നൽകുന്നു |
| അളവ് -തൂക്ക നിലവാര നിയമം | 1976 | അളവിലും തൂക്കത്തിലും ഉള്ള കബളിപ്പിക്കലുകൾ തടയുന്നതിന് ഈ നിയമം ഉപകരിക്കുന്നു |

14. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും :

| വകുപ്പ് / സ്ഥാപനം | പ്രവർത്തനം |
|---|---|
| ലീഗൽ മെട്രോളജി വകുപ്പ് | അളവ് -തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു |
| ഭക്ഷ്യ സുരക്ഷാവകുപ്പ് | ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നു |
| കേന്ദ്ര ഔഷധവിലനിയന്ത്രണ കമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു |
| ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ | ഉൽപ്പാദനം,വിതരണം,സംഭരണം,വിൽപ്പന,ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു |

15. സാധനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്താൻ ഉപഭോക്താവിനെ സഹായിക്കുന്ന ചിഹ്നങ്ങൾ :

| | |
|---|---|
| | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് ഉൽപ്പന്നങ്ങളുടെ നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിന് ISI മുദ്ര നൽകുന്നു |
| | ഇന്റർനാഷ്ണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ ഇന്ത്യയടക്കം 120 രാഷ്ട്രങ്ങളിലെ സാധന സേവനങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നു |
| | സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധി സൂചിപ്പിക്കുന്നു |
| | ഇലക്ട്രോണിക്,ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സുരക്ഷ സാക്ഷ്യപ്പെടുത്താൻ ഉപയോഗിക്കുന്നു |
| | കാർഷിക-വന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് അഗ്മാർക്ക് എന്നറിയപ്പെടുന്ന ഈ ചിഹ്നം ഉപയോഗിക്കുന്നു |
| | സസ്യ-സസ്യേതര ആഹാരവസ്തുക്കൾ തിരിച്ചറിയാൻ ഈ ചിഹ്നങ്ങൾ അടയാളപ്പെടുത്തുന്നു |
| | പഴവർഗ്ഗങ്ങളിൽനിന്നും പച്ചക്കറികളിൽനിന്നുമുള്ള ഉൽപ്പന്നങ്ങളുടെ സുരക്ഷിതത്വവും നിലവാരവും സാക്ഷ്യപ്പെടുത്തുന്നു.ഫുഡ് പ്രൊഡക്റ്റ്സ് ഓർഡർ എന്നതിന്റെ ചുരുക്കമാണ് എഫ്.പി.ഒ (FPO) |

16. ഉപഭോക്താക്കളുടെ സംതൃപ്തി ഉറപ്പുവരുത്താൻ സാധിക്കുന്ന സാമൂഹിക ഇടപെടലുകൾ :

a. ഉപഭോക്തൃസംഘടനകളുടെ പ്രവർത്തനം b. ഉപഭോക്തൃബോധവൽക്കരണം

c. പൊതുതാൽപ്പര്യ ഹർജികൾ സമർപ്പിക്കൽ d. ചൂഷണത്തിനെതിരെ പ്രതികരിക്കൽ

17. ഉപഭോഗത്തെ സങ്കീർണ്ണവും വിപുലവുമാക്കിയ ഘടകങ്ങൾ :

a. ഉൽപ്പന്നങ്ങളുടെ വൈവിധ്യം b. വ്യക്തിപരമായ താൽപ്പര്യങ്ങൾ c. പെരുകിവരുന്ന ആവശ്യങ്ങൾ d. കമ്പോളശക്തികളുടെ സ്വാധീനം

18. ഉപഭോക്തൃവിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്താവുന്ന മാർഗ്ഗങ്ങൾ :

a. ബോധവൽക്കരണ പരിപാടികൾ b. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ c. ദിനാചരണം
d. വാർത്താമാധ്യമങ്ങളിലൂടെയുള്ള പ്രചാരണം

19. ഉപഭോക്തൃവിദ്യാഭ്യാസം ഉപഭോക്താവിനെ ശാക്തീകരിക്കുന്നത് ഏതെല്ലാം വിധത്തിൽ :
a. ആവശ്യങ്ങൾ കൃത്യമായി നിജപ്പെടുത്തി ഉപഭോഗം നടത്താൻ തയ്യാറാവുന്നു
b. ശരിയായ തിരഞ്ഞെടുക്കലിന് പ്രാപ്തി നേടുന്നു c. അവകാശബോധമുള്ള ഉപഭോക്താവായി മാറുന്നു
d. ഉപഭോക്തൃപ്രശ്നങ്ങളിൽ ഇടപെടാൻ ശേഷി നേടുന്നു e. ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച് അറിവ് നേടാൻ സന്നദ്ധരാവുന്നു

20. ഉപഭോക്തൃവിദ്യാഭ്യാസം നൽകുന്നതിന്റെ ഫലമായി രൂപപ്പെടുന്ന ഉപഭോക്തൃശീലങ്ങൾ ഏതെല്ലാം ?
a. സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ച് വാങ്ങുക b. അളവും തൂക്കവും ശരിയാണെന്ന് ബോധ്യപ്പെടുക
c. സാധനങ്ങളുടെ നിലവാരം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ശ്രദ്ധിക്കുക
d. വാങ്ങുന്ന സാധനങ്ങളുടെ ഉപയോഗക്രമം ,പ്രവർത്തിപ്പിക്കുന്ന വിധം എന്നിവ മനസ്സിലാക്കുക
e. പായ്ക്ക് ചെയ്ത സാധനങ്ങൾ വാങ്ങുമ്പോൾ ഉൽപ്പന്നത്തിന്റെ വിശദാംശങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക.